കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## www.ksad.kerala.gov.in

# പ്രമാടം ഗ്രാമപ്പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് - 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല

e-mail:lfadpta@gmail.com


ഭരണഭാഷ-മാതൃഭാഷ

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.പിറ്റിഎ.പി9/177/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട – 689 645

ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി:07.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
പ്രമാടം ഗ്രാമപ്പഞ്ചായത്ത്.
സർ,
വിഷയം:പ്രമാടം ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പ്രമാടം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:
1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ./പി9/177/2020 തിയതി: 07.05.2020

## പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 10.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിജയലക്ഷ്മി പി. കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2020 മുതൽ 20.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി സൂര്യപ്രഭ പി.സി., അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദീപ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഹരികുമാർ ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശ്രീകുമാർ എസ്., ഓഡിറ്റർ |

### ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ റോബിൻ പീറ്റർ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ജ്യോതി എം. (അസി.സെക്രട്ടറി – അധിക ചുമതല) | 01.04.2018 മുതൽ 26.04.2018 വരെ |
| | | 01.05.2018 മുതൽ 28.06.2018 വരെ |
| | ശ്രീ. ജേക്കബ് വർഗ്ഗീസ് | 27.04.2018 മുതൽ 30.04.2018 വരെ |
| | ശ്രീ. എം.സൈമൺ വർഗ്ഗീസ് | 29.06.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഷീന എസ്.എൽ. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സജിത എസ്.പിള്ള | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ഷെറിൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രമ്യ ദത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഗീതാഞ്ജലി | 01.04.2018 മുതൽ23.07.2018 വരെ |
| | ഡോ. നജ കരുണേശ് | 24.07.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇളകള്ളൂർ സർക്കിൾ) | ശ്രീ സുജിത് എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വി-കോട്ടയം സർക്കിൾ) | ശ്രീ അനീഷ് കുമാർ ആർ. | 01.04.2018 മുതൽ 17.07.2018 വരെ |
| | ശ്രീ സുജിത് എസ്. | 18.07.2018 മുതൽ 03.09.2018 വരെ |
| | ശ്രീ സുശോഭ് എസ്.എൽ. | 04.09.2018 മുതൽ 04.02.2019 വരെ |
| | ശ്രീ ഫിന്നി കെ.രാജു | 05.02.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബിന്ദു വി. നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. | ശ്രീമതി ഗീത എം. | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി സ്മിത ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ അനിയൻ എ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. സെക്രട്ടറി | ശ്രീമതി ജ്യോതി എം. | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 - ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നം. |
|---|---|---|
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 7. | ക്ഷേമ പദ്ധതികൾ | 1-7 |
| 8. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9. | ക്യാഷ് പരിശോധന | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | വാർഷിക കണക്ക് - അപാകതകൾ | 1-11 |
| 12. | ഐ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ കരസ്ഥമാക്കി പഞ്ചായത്ത് മികവിന്റെ പാതയിൽ | 1-12 |
| 13. | തനത് വരുമാനക്കുറവ്-ചെലവുകളിൽ നിയന്ത്രണം അനിവാര്യം | 1-13 |
| 14. | KSEB സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജിനത്തിൽ പ്രതി വർഷം നഷ്ടം 8.66 ലക്ഷം രൂപ | 1-14 |
| 15. | പൊതുടാപ്പുകൾ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-15 |
| 16. | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നതിൽ വീഴ്ച; 91406 രൂപയുടെ കുടിശ്ശിക | 1-16 |
| 17. | പ്രമാടം ഇൻഡോർ സ്റ്റേഡിയം; പഞ്ചായത്തിന് അർഹമായ വിഹിതം ലഭിക്കുന്നില്ല | 1-17 |
| 18. | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല | 1-18 |
| 19. | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായി | 1-19 |
| 20. | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകി | 1-20 |
| 21. | ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-21 |
| 22. | സാംസ്കാരിക നിലയം പൂർത്തീകരണം - പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് നഷ്ടമായി | 1-22 |
| 23. | വിനിയോഗത്തിലെ കുറവ് മൂലം പഞ്ചായത്തിന് നഷ്ടമായത് 58.59 ലക്ഷം | 1-23 |
| 24. | കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-24 |
| 25. | മരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ | 1-25 |
| 26. | പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ കാലതാമസം | 1-26 |
| 27. | നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടിയില്ല | 1-27 |
| 28. | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽനിന്നും 2% GST ഈടാക്കിയില്ല | 1-28 |
| 29. | സംയുക്ത പദ്ധികൾക്കുള്ള അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു | 1-29 |
| 30. | ടെണ്ടർ ഫീസ് ഒടുക്കാൻ ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-30 |
| 31. | നിർമ്മിതി കേന്ദ്രം മുഖേനയുള്ള അങ്കണവാടി നിർമ്മാണം-അപാകതകൾ | 1-31 |
| 32. | ഡെപ്പോസിറ്റ് പ്രവൃത്തികൾ- മുൻകൂർ നൽകിയ 83.52 ലക്ഷം രൂപയുടെ പൂർത്തീകരണ രേഖകളില്ല | 1-32 |
| 33. | സാംസ്കാരിക നിലയം പൂർത്തീകരണം (രണ്ടാം ഘട്ടം) - എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഗുരുതര പിഴവ് | 1-33 |
| 34. | ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയില്ല; 320767 രൂപ | 1-34 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 35. | വാങ്ങിയ എയർപോർട്ട് ചെയർ പഞ്ചായത്തിലോ ഘടക സ്ഥാപനങ്ങളിലോ സൂക്ഷിച്ചിട്ടില്ല | 1-35 |
| 36. | കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിൽ അലംഭാവം | 1-36 |
| 37. | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നു വിത്തുകളും വളവും വാങ്ങിയത് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ | 1-37 |
| 38. | കാർഷിക മേഖലയിലെ പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ | 1-38 |
| 39. | അംഗൻവാടി പൂരക പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം -ചെലവഴിക്കാതെ ശേഷിക്കുന്നത് 12.80 ലക്ഷം രൂപ | 1-39 |
| 40. | അനുപൂരകപോഷകാഹാരപദ്ധതി- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-40 |
| 41. | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (33/19) – അർഹമായ നിരക്കിൽ നൽകിയില്ല | 1-41 |
| 42. | ലൈഫ് മിഷൻ പദ്ധതി (137/19) – ഭവന നിർമ്മാണം നടത്തിയില്ല; അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ് | 1-42 |
| 43. | വീട് വാസയോഗ്യമാക്കൽ - അനുവദനീയമായതിൽ അധികം സബ്സിഡി നൽകി | 1-43 |
| 44. | വനിതകൾക്ക് ഓട്ടോറിക്ഷ നൽകൽ - പദ്ധതി നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കി | 1-44 |
| 45. | ആശ്രയ പദ്ധതി നടത്തിപ്പിൽ അലംഭാവം | 1-45 |
| | **ഭാഗം 2 - വരവ്: വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | 2-1 |
| | **ഭാഗം 3 - ചെലവ്: വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | 3-1 |
| | **ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 46. | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 47. | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 48. | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 49. | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 50. | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 51. | സ്ഥിര നിക്ഷേപം | 4-6 |
| 52. | ഓഡിറ്റ് റിക്കവറി | 4-7 |
| 53. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 54. | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 55. | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 56. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബഡ്ജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് 24.03.18-ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 212730131 രൂപയും (മുന്നിരിപ്പ് ഉൾപ്പടെ) ചെലവ് 203354534 രൂപയും, നീക്കിയിരിപ്പ് 9375597 രൂപയുമായിരുന്നു. 2018-19-ലെ പുതുക്കിയ ബഡ്ജറ്റ് 04.02.2019-ലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 16.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13620864 |
| വരവ് | 117675492 |
| ആകെ | 131296356 |
| ചെലവ് | 99007564 |
| നീക്കിയിരിപ്പ് | 32288792 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21291000 | 21291000 | 18858151 | 2432849 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9882000 | 9882000 | 8741612 | 1140388 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 9490000 | 9490000 | 8220871 | 1269129 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 433000 | 433000 | 420598 | 12402 |
| മെയിന്റനൻസ് (റോഡിതരം) | 0 | 4372000 | 4372000 | 3372564 | 999436 |
| മെയിന്റനൻസ് (റോഡ്) | 0 | 13285000 | 13285000 | 13280231 | 4769 |
| സാക്ഷരത | 2559 | 102 | 2661 | 0 | 2661 |
| എം.ജി.എൻ.ആർ.ഇ. തൊഴിലാളികളുടെ | 0 | 32616817 | 32616817 | 32616817 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജി.എസ്. | കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 509457 | 934268 | 1443725 | 1417790 | 25935 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ്. | 683205 | 700039 | 1383244 | 16992 | 1366252 |
| | ശുചിത്വമിഷൻ ഫണ്ട് | 1163975 | 2563816 | 3727791 | 190000 | 3537791 |
| | സാക്ഷരത | 95559 | 102 | 95661 | 0 | 95661 |
| | സെൻട്രൽ ഗ്രാന്റ് | 144816 | 66000 | 210816 | 0 | 210816 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 3156267 | 10525376 | 13681643 | 10573534 | 3108109 |
| | ജില്ലാ പഞ്ചായത്ത് | 4863143 | 6766234 | 11629382 | 9184473 | 2444909 |
| ബി ഫണ്ട് | | 0 | 85320 | 85320 | 85320 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 12302086 | 3785545 | 16088631 | 4503680 | 11584951 |
| | ട്രഷറി അക്കൗണ്ട് | 4346497 | 12731865 | 17078362 | 2043686 | 15034676 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 308 | 123210903 | 224 | 80495837 | 84 | 73% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 509457 | 934268 | 1443725 | 1417790 | 25935 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32616817 | 32616817 | 32616817 | 0 |
| ആകെ | 509457 | 33551085 | 34060542 | 34034607 | 25935 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 85320 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 6257100 | 481 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 19513400 | 1555 |
| വാർദ്ധക്യകാലപെൻഷൻ | 25731900 | 2084 |
| അവിവാഹിത പെൻഷൻ <50 | 153500 | 128 |
| വികലാംഗ പെൻഷൻ | 5388500 | 423 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.12.2019 | 09/19 – 10/19 | 26.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.07.2017 | 2012-13 മുതൽ 2016-17 വരെ | 05.10.2017 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2020 2 pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26104 രൂപ (ഇരുപത്തിയാറായിരത്തി ഒരുന്നൂറ്റി നാല്) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്. കാര്യക്ഷമമായ ഫ്രണ്ട് ഓഫീസ് സംവിധാനം നിലനിൽക്കുന്നുണ്ട്. സുതാര്യമായ അക്കൗണ്ടിംഗ് സമ്പ്രദായം അനുവർത്തിച്ചിട്ടുണ്ട്.

ചെലവുകളെല്ലാം വൗച്ചറുകളുടെയും, സബ് വൗച്ചറുകളുടെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 വാർഷിക കണക്ക് - അപാകതകൾ

2018-19-ലെ വാർഷിക ധനകാര്യ പത്രികയിലെ ചുവടെ ചേർക്കുന്ന ന്യൂനതകൾ പരിഹരിക്കപ്പെട്ടിട്ടില്ല.

1. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.
2. റവന്യൂ/മൂലധന ചെലവുകൾ കൃത്യമായി വർഗ്ഗീകരിച്ച് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.
3. ഷെഡ്യൂൾ ബി-4 പ്രകാരം സാക്ഷരത പദ്ധതിയുടെ നീക്കിയിരിപ്പ് 95661 രൂപയാണ്. എന്നാൽ ബാങ്ക് അക്കൗണ്ടിലെ ഈ ഇനത്തിലുള്ള നീക്കിയിരിപ്പ് 2661 രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

4. പൂർത്തിയാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയോ, ആസ്തിയായി കണക്കിൽപ്പെടുത്തുകയോ ചെയ്തിട്ടില്ല.
5. ഷെഡ്യൂൾ ബി-4 പ്രകാരം ശുചിത്വ മിഷൻ ഫണ്ട് ഇനത്തിൽ 3537791 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത തുകയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.
6. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകളും, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

# 1-12 ഐ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ കരസ്ഥമാക്കി പഞ്ചായത്ത് മികവിന്റെ പാതയിൽ

പ്രമാടം ഗ്രാമപഞ്ചായത്ത് സേവനപ്രദാന സൗകര്യങ്ങളുടെ ഗുണമേന്മ നിലവാരം ഉയർത്തി ഐ.എസ്.ഒ 9001:2015 സ്റ്റാൻഡേർഡിലേക്ക് മാറിയത് അഭിനന്ദനാർഹമാണ്. പഞ്ചായത്തിന്റെ സേവനങ്ങളിൽ സ്ഥിരത പുലർത്തുന്നതിനും കൃത്യമായ സേവനങ്ങൾ കാലതാമസം കൂടാതെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യറിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഇത് മൂലം സാധിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് അവശ്യമായ സൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽത്തന്നെ ഫ്രണ്ട് ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെത്തുന്നവർക്ക് ഇരിക്കുവാനും എഴുതുവാനുമുള്ള സൗകര്യങ്ങൾ, കുടിവെള്ളം, ടെലിവിഷൻ, പരാതിപ്പെട്ടി എന്നിവ ലഭ്യമാണ്. ഗുണനിലവാര മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നിതിനായി ഗുണനിലവാര മാനുവൽ തയ്യാറാക്കിയിട്ടുണ്ട്. സേവന നിലവാരത്തിന്റെ സ്ഥിരതയും ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമതയും ഇഉറപ്പാക്കുന്നു. സാങ്കേതികതയുടെ സഹായത്തോടെ വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സുലേഖ, സചിത്ര, സാംഖ്യ, സഞ്ചയ മുതലായ സോഫ്റ്റ്‌വെയറുകൾ പഞ്ചായത്ത് ഉപയോഗത്തിൽ വരുത്തിയിട്ടുണ്ട്.

രേഖകളുടെ സൂക്ഷിപ്പിനായി റിക്കോർഡ് റൂം തയ്യാറാക്കിയിട്ടുണ്ട്. രേഖകൾ തരംതിരിച്ച് കൃത്യമായി നമ്പറിട്ട് തിരിച്ചറിയത്തക്ക രീതിയിലും പെട്ടന്ന് തിരിച്ചെടുക്കാൻ സാധിക്കത്തക്ക രീതിയിലുമാണ് സൂക്ഷിച്ചിട്ടുള്ളത്. സെക്ഷൻ കൈകാര്യം ചെയ്യുന്ന ലൈവ് ഫയലുകളുടേയും ഉപയോഗം കഴിഞ്ഞ് ക്ലോസ് ചെയ്ത ഫയലുകളുടേയും ലിസ്റ്റ് പ്രത്യേകമായി സൂക്ഷിക്കുന്നുണ്ട്.

# 1-13 തനത് വരുമാനക്കുറവ്-ചെലവുകളിൽ നിയന്ത്രണം അനിവാര്യം

ഗ്രാമപഞ്ചായത്തിന് നികുതി/നികുതിയേതര ഇനത്തിൽ ലഭിക്കുന്ന തനത് വരുമാനം, എസ്റ്റാബ്ലിഷ്മെന്റ്/ അഡ്മിനിസ്ട്രേറ്റീവ്/മെയിന്റനൻസ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.(Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 56.98ലക്ഷം രൂപയാണ്.

| *വരവ്* | *രൂ.* | *ചെലവ്* | *രൂ.* |
|---|---|---|---|
| നികുതി വരുമാനം | 6243835 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 9585074 |

| | | | |
|---|---|---|---|
| നികുതിയേതരം | 1912338 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 1027032 |
| പലിശ | 405567 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 5520931 |
| ഡിവിഡന്റ് | 1873900 | ബാങ്ക് ചാർജ്ജസ് | 654 |
| **ആകെ** | **10435640** | **ആകെ** | **16133691** |
| | | **കമ്മി** | **5698051** |

സർക്കാരിൽ നിന്നും മറ്റ് നിർവ്വഹണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതും ഗ്രാമപഞ്ചായത്തിന് ബാധ്യതയായി നിൽക്കുന്നതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ | 1366252 |
| ശുചിത്വ മിഷൻ ഗ്രാന്റ് (ODF ഉൾപ്പെടെ) | 3537791 |
| കേരളോത്സവം | 20000 |
| ഡെപ്പോസിറ്റ് | 4577603 |
| ആകെ | 9501646 |

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്(ബാങ്ക്) നീക്കിയിരിപ്പ് 11584951 രൂപയാണ്. ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 12731865 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകുന്നില്ല. നികുതി നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതും ഗാർഹിക കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതുമാണ്. തെരുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചെങ്കിലും ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കും ചാർജ് കൊടുക്കുന്ന സാഹചര്യമാണുള്ളത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതും പൊതു ടാപ്പുകളുടെ വെള്ളക്കരം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ നിയന്ത്രിച്ച് ചെലവു ചുരുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 KSEB സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജിനത്തിൽ പ്രതി വർഷം നഷ്ടം 8.66 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് ഇനത്തിൽ 2191024 രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി

വകയാർ, കോന്നി, കൈപ്പട്ടൂർ, കുമ്പഴ സെക്ഷനുകളുടെ പരിധിയിൽ യഥാക്രമം 32, 6, 4, 23 എണ്ണം സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകൾക്ക് പ്രത്യേക കൺസ്യൂമർ നമ്പർ നൽകി ആയതനുസരിച്ചും കുമ്പഴ സെക്ഷനിൽ നിന്ന് അൺമീറ്റേർഡ് ലൈറ്റിന് പ്രത്യേകമായും ആണ് വൈദ്യുതി ചാർജ് നിർണ്ണയിച്ചിരിക്കുന്നത്. കുമ്പഴ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള 12/2019-ലെ ഡിമാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| 23 സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകളുടെ ആകെ കറന്റ് ചാർജ് | 58403 |
| അൺമീറ്റേർഡ് ലൈറ്റ് | 113918 |
| ആകെ | 172321 |

ഇതിനാനുപാതികമായ ചാർജ് ഷീറ്റ് കെ.എസ്.ഇ.ബി കുമ്പഴ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയത് പരിശോധിച്ചതിൽ അൺമീറ്റേർഡ് ലൈറ്റുകളുടെ നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് (പ്രതിദിനം 12 മണിക്കൂർ വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ഒരു വിളക്കിന്റെ നിരക്ക്) | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 60 | 527 | 112 | 59024 |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 267 | 73 | 19491 |
| ഫ്ലൂറസെന്റ് ട്യൂബ് | 80 | 132 | 147 | 19404 |
| മെർക്കുറിക് വേപ്പർ ലാംപ് | 400 | 3 | 785 | 2355 |
| സോഡിയം വേപ്പർ ലാംപ് | 250 | 22 | 492 | 10824 |
| സി.എഫ്.എൽ | 11 | 141 | 18 | 2538 |
| എൽ.ഇ.ഡി | 12 | 2 | 10 | 20 |
| Total | | | | 113656 |

ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 5 വർഷമായി ഓർഡിനറി ബൾബുകൾ, സോഡിയം വേപ്പർ ലാംപുകൾ, മെർക്കുറി വേപ്പർ ലാംപുകൾ എന്നിവ വാങ്ങിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇവ പ്രവർത്തിക്കുന്നില്ല എന്ന് എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അംഗങ്ങളും അറിയിച്ചു. നിലവിലില്ലാത്ത 552 വിളക്കുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം വൈദ്യുതിചാർജിനത്തിൽ ചെലവഴിക്കുന്നത് 72203 രൂപയാണ്. അതായത് പ്രതിവർഷം 866436 രൂപ നഷ്ടപ്പെടുന്നു. ഇത് ഗൗരവം അർഹിക്കുന്നതാണ്. ഉപയോഗിക്കാത്ത വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നൽകേണ്ടി വരുന്നതുമൂലം തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടത്തിയതിന്റെ ഗുണം പൂർണ്ണമായും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. മാത്രമല്ല വൈദ്യുതി ബോർഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മീറ്റർ സ്ഥാപിച്ചതിന് ശേഷവും മീറ്ററിംഗിന്റെ പരിധിയിൽപ്പെടാതെ ഇത്രയധികം വിളക്കുകൾ ഉണ്ടെന്നുള്ളതും സാമാന്യയുക്തിക്ക് നിരക്കുന്നതല്ല. ആയതിനാൽ ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോടു ശുപാർശ ചെയ്യുന്നു.

## 1-15 പൊതുടാപ്പുകൾ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 185 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 80938 രൂപയാണ് പ്രതിമാസം ഒടുക്ക് വരുത്തുന്നത്. 971256 രൂപ പ്രതിവർഷം ചെലവഴിക്കുന്നുണ്ടെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. സംയുക്തപരിശോധന നടത്തി ജല ലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. ലഭ്യമായ കണക്കുകൾ പ്രകാരം 22 ചെറുകിട കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഈ പദ്ധതികളുടെ ഭാഗമായി ഹൗസ് കണക്ഷനുകൾ നൽകിയിട്ടുണ്ടെങ്കിലും ഇവിടങ്ങളിലുള്ള പൊതുടാപ്പുകൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി **സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ., തീയതി 30-5-2009** പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനു ശേഷം സംയുക്ത പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും ഫലപ്രദമായ തുടർ നടപടികൾ ഉണ്ടായിട്ടില്ല. കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതില്ല. മറ്റുള്ള സ്ഥലങ്ങളിലെ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളും ഹൗസ് കണക്ഷനുകൾ ഉള്ള സ്ഥലങ്ങളിലെ പൊതു ടാപ്പുകളും ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നതിൽ വീഴ്ച; 91406 രൂപയുടെ കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക ഇനത്തിൽ 2018-19 സാമ്പത്തിക വർഷാവസാനം 91406 രൂപ പിരിഞ്ഞുകിട്ടുവാനവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സ്/ റൂം നമ്പർ | കുടിശ്ശിക വരുത്തിയ വ്യക്തിയുടെ പേരും വിലാസവും | മാസ വാടക | കുടിശ്ശിക വരുത്തിയ കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ്, വകയാർ, റൂം നം.VII | രാജേന്ദ്രൻ.ടി, ഈട്ടിവിളയിൽ | 182 | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 2184 |
| 2 | ഷോപ്പിംഗ് കോംപ്ലക്സ്, വി-കോട്ടയം, റൂം നം.I | ജോൺ തോമസ്,പനയ്ക്കൽ, വി-കോട്ടയം | 1246 | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 14952 |
| 3 | ഷോപ്പിംഗ് കോംപ്ലക്സ്, വി-കോട്ടയം, റൂം നം.III | ശ്രീധരൻ നായർ, ശ്രീജാ ഭവനം | 670 | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 8040 |
| 4 | ഷോപ്പിംഗ് കോംപ്ലക്സ്, വി-കോട്ടയം, റൂം നം.VII | അനിൽ കുമാർ, പൂങ്കാവിൽ മേലേതിൽ, മല്ലശ്ശേരി.പി.ഒ | 1460 | 2018 ജൂലൈ മുതൽ 2019 മാർച്ച് വരെ | 13140 |
| 5 | ഷോപ്പിംഗ് കോംപ്ലക്സ്, വി-കോട്ടയം, റൂം നം.VIII | സപ്ലൈകോ - മാവേലി സ്റ്റോർ | 1260 | 2019 മാർച്ച് | 1260 |
| 6 | ഷോപ്പിംഗ് കോംപ്ലക്സ്, പൂങ്കാവ്, റൂം നം.VIII | ലീലാമ്മാ ജോയി നാഗരുമണ്ണിൽ, വാഴമുട്ടം.പി.ഒ | 2635 | 2019 മാർച്ച് | 2635 |
| 7 | ഷോപ്പിംഗ് കോംപ്ലക്സ്, പൂങ്കാവ്, റൂം നം.X | കാളിദാസൻ, കിഴക്കേടത്ത്, മല്ലശ്ശേരി പി.ഒ | 2635 | 2019 ജനവരി മുതൽ മാർച്ച് വരെ | 7905 |
| 8 | ഷോപ്പിംഗ് കോംപ്ലക്സ്, പൂങ്കാവ്, റൂം നം.XII | N.T.ബിജു, നെല്ലിവിളയിൽ, | 2635 | 2019 ജനവരി മുതൽ മാർച്ച് വരെ | 7905 |
| 9 | ഷോപ്പിംഗ് കോംപ്ലക്സ്, പൂങ്കാവ്, റൂം നം.XIII | മോഹനൻ, മേമന മുരുപ്പേൽ | 2635 | 2019 മാർച്ച് | 2635 |
| 10 | പൂങ്കാവ് സ്റ്റാൾ നം. IV | റോസമ്മ, ചെറുപനംതോട്ടത്തിൽ | 750 | 2019 മാർച്ച് | 750 |
| 11 | പൂങ്കാവ് സ്റ്റാൾ നം. VI | വൽസമ്മ, ഗോകുലം, വള്ളിക്കോട് | 2500 | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 30000 |
| | | ആകെ | | | 91406 |

പിരിഞ്ഞുകിട്ടുവാനുള്ള വാടക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്,

ഷോപ്പിംഗ് കോംപ്ലക്സ് വകയാർ, ഷോപ്പിംഗ് കോംപ്ലക്സ് വി-കോട്ടയം, ഷോപ്പിംഗ് കോംപ്ലക്സ്, പൂങ്കാവ് എന്നിവടങ്ങളിലായി ആകെ 25 കടമുറികളും പൂങ്കാവ് മാർക്കറ്റിൽ 7 സ്റ്റാളുകളുമാണ് ലേലത്തിൽ പോയിട്ടുള്ളതെങ്കിലും ലേലം കൊണ്ട വാടകക്കാരിൽ 22 പേർ മാത്രമേ പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ചിട്ടുള്ളൂ. ബാക്കിയുള്ള വാടകക്കാർ എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും ആയത് നിയമാനുസൃതം രജിസ്റ്റർ ചെയ്തിട്ടില്ല.

2018-19 സാമ്പത്തിക വർഷം വാർഷിക വാടക വർദ്ധന വരുത്തിയിട്ടില്ല. 5% വാടക വർദ്ധന ഒഴിവാക്കണമെന്ന് കാണിച്ച് നൽകിയ വാടകക്കാരുടെ അപേക്ഷകൾ ചർച്ച ചെയ്ത് നിലവിലുള്ള ഡെപ്പോസിറ്റും വാടകയും കൂടുതലാണെന്നും ആയതിനാൽ 2018-19 സാമ്പത്തിക വർഷം വാടക വർദ്ധന വരുത്തേണ്ടതില്ലെന്നും 25.06.17-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് വാടക വർദ്ധിപ്പിക്കാതിരുന്നത്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യത്തിന് അനുഗുണമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-17 പ്രമാടം ഇൻഡോർ സ്റ്റേഡിയം; പഞ്ചായത്തിന് അർഹമായ വിഹിതം ലഭിക്കുന്നില്ല

പ്രമാടം ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് പഞ്ചായത്ത് ഭൂമി വിട്ടു നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, സ്റ്റേഡിയത്തിന്റെ വാർഷിക അറ്റാദായത്തിന്റെ 10 ശതമാനം തുക പ്രമാടം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണ്. 2010 വർഷമാണ് സ്റ്റേഡിയം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2010 മുതൽ 2017 വരെ കാലയളവിൽ രണ്ട് തവണകളിലായി 289000 രൂപ (77000+212000) ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. തുടർന്നുള്ള കാലയളവിലെ വിഹിതം ലഭിച്ചിട്ടില്ല. പഞ്ചായത്തിന് അർഹമായ വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാഷ്യൽകോഡ് വാല്യം I ആർട്ടിക്കൾ 282, 2011-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 79 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡിപ്പോസിറ്റുകൾ നിശ്ചിത കാലയളവിനുശേഷം പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന 129924 രൂപയുടെ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| വർഷം | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ എണ്ണം | കാലഹരണപ്പെട്ട തുക |
|---|---|---|
| 2013-14 | 1 | 1250 |
| 2014-15 | 6 | 23856 |
| 2015-16 | 63 | 104818 |
| ആകെ | 70 | 129924 |

ടി തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-19 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം

നികുതിയിൽ വലിയ കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9)വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 40/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് . വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 12-ാം വാർഡിൽ ശ്രീമതി.ഏലിയാമ്മ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 156.15ച.മീറ്റർ വിസ്തീർണമുള്ള കെട്ടിടത്തിന് 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്നമ്പർ | കെട്ടിടനമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മി) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മി) |
|---|---|---|---|---|---|---|
| 1 | 12 | 52-a | ശ്രീമതി.ഏലിയാമ്മ | 41.15 | 40 | 50 |
| 2 | 12 | 52-b | ശ്രീമതി.ഏലിയാമ്മ | 21.9 | 40 | 50 |
| | 12 | 52-c | ശ്രീമതി.ഏലിയാമ്മ | 20.8 | 40 | 50 |
| | 12 | 52-d | ശ്രീമതി.ഏലിയാമ്മ | 31.15 | 40 | 50 |
| | 12 | 52-e | ശ്രീമതി.ഏലിയാമ്മ | 41.15 | 40 | 50 |
| | | | **ആകെ** | **156.15** | | |

അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകി

(1) മതിയായ പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിന് കെട്ടിടനിർമ്മാണ പെർമിറ്റ് നൽകി. ശ്രീ. സനൽ കുമാർ & ഉഷാകുമാരി എന്നിവർക്കാണ് കെട്ടിടനിർമ്മാണ അനുമതി പത്രം നം.C1-BA(298907) തീയതി 24-12-2018 പ്രകാരം കെട്ടിടം നിർമ്മാക്കാൻ അനുമതി നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| സർവ്വെ നമ്പർ/ പ്ലോട്ട് ഏരിയ | ഉടമസ്ഥന്റെ പേര്/ ഫയൽ നമ്പർ/ പെർമിറ്റ് നമ്പർ | കെട്ടിടത്തിന്റെ വിനിയോഗം | പ്ലിന്ത് ഏരിയ ($M^2$) | കാർപ്പറ്റ് ഏരിയ ($M^2$) |
|---|---|---|---|---|
| പ്രമാടം വില്ലേജിൽ 6/7,6/20,6/21,6/29<br>1.40ആർ വിസ്തീർണം (3.45 cent) | സനൽ കുമാർ & ഉഷാകുമാരി<br>C1-BA(298907) തീയതി 24-12-2018 | Commercial | GF(shop)) =83.10$m^2$<br>F.F(shop)-83.10$m^2$<br>S.F-7$m^2$<br>Total-180.92$m^2$ | GF(shop)) =66.48$m^2$<br>F.F(shop)-66.48$m^2$<br>S.F-11.77$m^2$<br>Total-144.73$m^2$ |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | | സൈമൺ വർഗ്ഗീസ് (സെക്രട്ടറി) | | |

ഗ്രൂപ്പ് -F വിനിയോഗത്തിൽപ്പെട്ട 1000$m^2$ വരെയുള്ള കാർപ്പറ്റ് ഏരിയയുള്ള വാണിജ്യ വിഭാഗം കെട്ടിടത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ (ചട്ടം-38) പ്രകാരം 75$m^2$ ന് ഒരു കാർ പാർക്കു ചെയ്യാനുള്ള സ്ഥലം എന്ന കണക്കിൽ സൈറ്റിൽ സ്ഥലം ഉണ്ടാകണം (ഒരു കാർ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലം:5.5x2.7=15$m^2$). അതുപ്രകാരം ഈ കെട്ടിടത്തിന് 2 കാർ പാർക്കിംഗിനായി വേണ്ട 30$m^2$ ഉണ്ടായിരിക്കേണ്ടതാണ്. ഇതിനു പുറമെ ഇരുചക്രവാഹനങ്ങൾക്കായി കാർ പാർക്കിംഗിനുള്ള സ്ഥലത്തിന്റെ 25% മാറ്റിവയ്ക്കണം [ചട്ടം 38(4)]. എന്നാൽ ഈ കെട്ടിടത്തിന്റെ പ്ലാനിൽ പാർക്കിംഗിനായി സ്ഥലം മാറ്റിവെച്ചിരിക്കുന്നത് ഫ്രണ്ട് യാഡിലാണ്. ചട്ടം38(7) പ്രകാരം വാഹനങ്ങൾക്കു തിരിക്കാനും സുഗമമായി കടന്നു പോകാനുമുള്ള സ്ഥലം ഉള്ള പക്ഷം കെട്ടിടങ്ങൾക്കുചുറ്റും ഒഴിച്ചിടേണ്ട തുറന്ന സ്ഥലത്തിന്റെ 50% വരെ പരമാവധി പാർക്കിംഗിനു എടുക്കാം. അതുപ്രകാരം ഇവിടെ 13$m^2$ സ്ഥലം മാത്രമാണ് പാർക്കിംഗിനായി ലഭിക്കുന്നത്. പ്രസ്തുത കെട്ടിടത്തിനു പെർമിറ്റ് നൽകിയപ്പോൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.29 ) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

(2) <u>ബിൽഡിംഗ് പ്ലോട്ട് ഏരിയ കണക്കാക്കിയതിൽ അപാകത</u>

കെട്ടിട നിർമ്മാണ അനുമതി പത്രം നം.C2-BA/100568 തീയതി 23/05/2018 പ്രകാരം നിർമ്മാക്കാൻ അനുമതി നൽകിയ കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സർവ്വെ നമ്പർ/ പ്ലോട്ട് ഏരിയ | ഉടമസ്ഥന്റെ പേര്/ ഫയൽ നമ്പർ/ പെർമിറ്റ് നമ്പർ | കെട്ടിടത്തിന്റെ വിനിയോഗം | പ്ലിന്ത് ഏരിയ ($m^2$) | കാർപ്പറ്റ് ഏരിയ ($m^2$) |
|---|---|---|---|---|
| പ്രമാടം വില്ലേജിൽ - 82/9, 82/9<br>വിസ്തീർണം-1.60ആർ | പ്രസിഡന്റ്, പ്രമാടം സർവ്വീസ് സഹകരണ ബാങ്ക്<br>C2-BA(100568) തീയതി 23/05/2018 | ഓഫീസ് | GF =94.41$m^2$<br>F.F-94.41$m^2$<br>S.F-12$m^2$ | GF =75.52$m^2$<br>F.F-75.52$m^2$ |

| | | | | |
|---|---|---|---|---|
| | | | Total- 201.51m$^2$ | S.F- 10.15m$^2$<br>Total- 161.19m$^2$ |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | | ശ്രീമതി ജ്യോതി എം. (അസി. സെക്രട്ടറി-ഇൻ-ചാർജ്ജ്) | | |

160m$^2$ വിസ്തീർണമുള്ള പ്ലോട്ടിൽ 94.41m$^2$ വിസ്തീർണമുള്ള ഗ്രൗണ്ട് ഫ്ലോറും 94.41m$^2$ വിസ്തീർണമുള്ള ഫസ്റ്റ് ഫ്ലോറും പണിയുന്നതിനാണ് പ്ളാൻ പ്രകാരം പെർമിറ്റ് നൽകിയിരിക്കുന്നത്. എന്നാൽ പ്ളാനിൽ തുറസ്സായ സ്ഥലമായി മാറ്റിവെച്ചിരിക്കുന്നത് 138.53m$^2$ സ്ഥലമാണ്. തുറസ്സായ സ്ഥലവും ഗ്രൗണ്ട് ഫ്ലോർ ഏരിയായും കൂട്ടുമ്പോൾ 232.94m$^2$ സ്ഥലം ഉണ്ട്. ഇത് പ്ലോട്ട് ഏരിയായ 160 ച.മീറ്ററിനേക്കാൾ കൂടുതലാണ്. ഇത് സംബന്ധിച്ച നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം. 29) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ പെർമിറ്റുകൾ നൽകുന്നതിന് മുന്നോടിയായി പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം നൽകിയ പരിശോധനാ റിപ്പോർട്ടിൽ, കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടപ്രകാരമുള്ള നിബന്ധനകൾ പലിക്കുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടങ്ങളുടെ പ്ലാനുകൾ പരിശോധിച്ചതിൽ, ഈ നിബന്ധനകൾ പാലിക്കുന്നില്ല എന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള നിബന്ധനകൾ പലിച്ചാണോ കെട്ടിടനിർമ്മാണം നടത്തുന്നതെന്ന് പരിശോധിച്ച്, സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ട പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നില്ല എന്നാണ് മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതിന് മുമ്പ് അപേക്ഷകളിൻമേൽ എഞ്ചീനീയറിംഗ് വിഭാഗം വിശദമായ പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. നൽകിയ പെർമിറ്റ് റദ്ദ് ചെയ്യേണ്ടതും പുതുക്കിയ പ്ലാൻ സമർപ്പിക്കാൻ സ്ഥാപനത്തിന് നിർദ്ദേശം നൽകേണ്ടതുമാണ്. കൂടാതെ, അപാകതകൾ നിറഞ്ഞ പ്ലാൻ അംഗീകരിച്ച് കെട്ടിടനിർമ്മാണ അനുമതി നൽകാനിടയായ സാഹചര്യം വകുപ്പുതലത്തിൽ അന്വേഷണവിധേയമാക്കേണ്ടതാണ്.

# 1-21 ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 1224 കെട്ടിടങ്ങൾ നിലവിലുണ്ട്. 2018-19 സാമ്പത്തിക വർഷം ലൈസൻസെടുത്ത് പ്രവർത്തിച്ച സ്ഥാപനങ്ങൾ 232 എണ്ണം മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആകെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1224 കെട്ടിടങ്ങളിൽ ഏകദേശം 19% സ്ഥാപനം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്താത്തതിനാൽ ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവയിൽ ഗണ്യമായ കുറവ് സംഭവിക്കുന്നു. മേൽ പറഞ്ഞ അപാകതകൾ

പരിഹരിക്കുന്നതിലും തനത് ഫണ്ട് സമാഹരിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതും പുരോഗതിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 സാംസ്കാരിക നിലയം പൂർത്തീകരണം - പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് നഷ്ടമായി

ഗ്രാമപഞ്ചായത്ത് 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നം.259/17 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 781215 രൂപയും, ലോക ബാങ്ക് സഹായം 1700000 രൂപയും, തനത് ഫണ്ട് 418785 രൂപയും ഉൾപ്പടെ ആകെ 29,00,000 രൂപ അടങ്കൽ വകയിരുത്തി തറനിരപ്പ് വരെ പണി പൂർത്തിയാക്കിയ സാംസ്കാരിക നിലയത്തിന്റെ അവശേഷിച്ച പണികൾ പൂർത്തിയാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്. 20.02.17 തീയതിയിൽ നടന്ന ടെണ്ടറിൽ കുറഞ്ഞ നിരക്ക് (₹2028793) ക്വോട്ട് ചെയ്ത ശ്രീ ബിനോജ് എസ്. നായർ, പയ്യനാമൺ, കോന്നി എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. 29.03.2017-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി 21.05.2018-ൽ കരാറുകാരൻ പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 1875586 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ മൂന്നാം പാർട്ട് ബില്ലും, ഫൈനൽ ബില്ലും നൽകിയിരിക്കുന്നത് 2018-19 വർഷമാണ്. മൂന്നാം പാർട്ട് ബിൽ പ്രകാരം 467541 രൂപയും, ഫൈനൽ ബിൽ പ്രകാരം 163731 രൂപയും ചെലവഴിച്ചു.

രണ്ട് മെഷർമെന്റ് ബുക്കുകളിലായാണ് ഈ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് (458/AEE/KB/16-17 & 75/17-18). ആദ്യത്തെ മെഷർമെന്റ് ബുക്ക് ആയ 458/AEE/KB/16-17 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ പ്രവൃത്തിയുടെ ആദ്യ രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം 12,32,459 രൂപയുടെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ വിശദമായ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്കാണ് ലഭ്യമാക്കാതിരുന്നത്. ഈ മെഷർമെന്റ് ബുക്ക് ഫയലിൽ നിന്നും നഷ്ടമായത് സംബന്ധിച്ച് അസി. എഞ്ചിനീയർ 03.01.19-ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതായും, തുടർന്ന് ഇത് സംബന്ധിച്ച പരാതി 28.03.19-ൽ കോന്നി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായും ഫയൽ പരിശോധിച്ചതിൽ കാണുന്നു.

പ്രവൃത്തിയുടെ പ്രധാന അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് നഷ്ടമായത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. ഈ വിഷയം വകുപ്പ് തലത്തിൽ (എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയർ) ആവശ്യമായ അന്വേഷണം നടത്തി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 വിനിയോഗത്തിലെ കുറവ് മൂലം പഞ്ചായത്തിന് നഷ്ടമായത് 58.59 ലക്ഷം

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും അവ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതിലും ഉണ്ടായ വീഴ്ച മൂലം 2018-19 സാമ്പത്തിക വർഷം 5858973 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ അവശേഷിച്ച തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | ബജറ്റിന്റെ അനുബന്ധം IV | വാർഷിക പദ്ധതിയിൽ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | പ്രകാരം ലഭ്യമായ തുക | വകയിരുത്തിയ തുക | | |
| വികസന ഫണ്ട് (ജനറൽ) | 21291000 | 24203776 | 18858151 | 2432849 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 9882000 | 13605933 | 8741612 | 1140388 |
| വികസന ഫണ്ട് (എസ്.സി.പി.) | 9490000 | 10371956 | 8220871 | 1269129 |
| വികസന ഫണ്ട് (ടി.എസ്.പി.) | 433000 | 472000 | 420598 | 12402 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 4372000 | 5842000 | 3372564 | 999436 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 13285000 | 18043210 | 13280231 | 4769 |
| | | | | 5858973 |

പദ്ധതി ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമവും സമയബന്ധിതവുമാക്കേണ്ടതും, പഞ്ചായത്തിലെ ക്ഷേമ, വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന വികസന/മെയിന്റനൻസ് ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-24 കരാർ കലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. ജി.ഒ.(പി.)13/2012 പി.ഡബ്ല്യു.ഡി./01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ കവിയുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50% ആണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യാത്ത പ്രവൃത്തികളിൽ കാല വിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പി.എ.സിയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കണം [സെക്ഷൻ 2116(1)].

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയതും നിശ്ചിത സമയ

പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പി.എ.സി | കാലതാമസം (മാസം) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1 | പ്രമാടം വായനശാല – മേലേ കിഴക്കേതിൽ പടി റോഡ് കോൺക്രീറ്റിംഗ് (238/19)1<br>അടങ്കൽ : 150000<br>കരാറുകാരൻ : ശ്രീ ശാമുവേൽ ഗീവർഗ്ഗീസ്<br>എഗ്രിമെന്റ് നം./തീ. -68/AE/LSGD/PRDM/17-18, 13.10.17<br>പ്രവൃത്തിയുടെ കാലാവധി: 3 മാസം<br>പൂർത്തീകരിച്ച തീയതി: 16.04.18<br>ചെലവ് - 142626<br>ഫൈനൽ ബിൽ നം./തീയതി :11/18-19/30.5.18 | 142668.84 | 3 | 4280 |
| 2 | പൊതു ഓലികളുടെ സംരക്ഷണം<br>അടങ്കൽ : 130000<br>കരാറുകാരൻ : ശ്രീ കിഷോർ കുമാർ<br>എഗ്രിമെന്റ് നം./തീ : 79/AE/LSGD/PRDM/05.12.17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>പൂർത്തീകരിച്ച തീയതി: 05.01.19<br>ഫൈനൽ ബിൽ തുക : 90415<br>ബിൽ നം./തീ. 222/18-19/22.03.19 | 126113 | 10 | 3783 |
| 3 | മല്ലക്കുഴി - മല്ലക്കുഴി മുരുപ്പേൽ റോഡ് സൈഡ് കെട്ട് (299/18-19)<br>അടങ്കൽ : 200000<br>കരാറുകാരൻ : ശ്രീ കിഷോർ കുമാർ<br>എഗ്രിമെന്റ് നം./തീ.: 80/AE/LSGD/PDM/05.12.17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>പൂർത്തീകരിച്ച തീയതി: 05.07.18<br>ബിൽ തുക – 141075<br>ഫൈനൽ ബിൽ നം./തീ.36/18-19/30.07.18 | 191674 | 4 | 5750 |
| 4 | കുളത്തിങ്കൽ - ചേരിമുക്ക് റോഡ് റീടാറിംഗ് (253/19)<br>അടങ്കൽ - 440000<br>കരാറുകാരൻ - ശ്രീ പി.ഡി. പത്മകുമാർ<br>എഗ്രിമെന്റ് നം./തീ. 36/AE/LSGD/05.10.17<br>പ്രവൃത്തി പൂർത്തീകരണ കാലാവധി - 3 മാസം<br>പൂർത്തീകരിച്ച തീയതി - 08.05.18<br>ബിൽ തുക – 418913 | 418912.61 | 2 | 12567 |

| | | | | |
|---|---|---|---|---|
| | ഫൈനൽ ബിൽ നം./തീ.20/18-19/19.06.18<br>21/18-19/26.06.18 | | | |
| 5 | കൊട്ടക്കാട്ട് - വലിയ തോട്ടത്തിൽപടി റോഡ് കോൺക്രീറ്റിംഗ് (240/19)<br>അടങ്കൽ : 122000<br>കരാറുകാരൻ : ശ്രീ ബി. ബാലചന്ദ്രൻ നായർ<br>എഗ്രിമെന്റ് നം./തീ.41/AE/LSGD/PRDM/17-18/11/10.17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>പൂർത്തീകരിച്ച തീയതി: 16.05.18<br>ബിൽ തുക – 115860<br>ഫൈനൽ ബിൽ നം./തീ. 26/18-19/26.06.18 | 115882.65 | 4 | 3476 |
| 6 | പുത്തൻ പറമ്പിൽപടി പുലിപ്പാറ റോഡ് കോൺക്രീറ്റിംഗ് (241/19)<br>അടങ്കൽ : 350000<br>കരാറുകാരൻ : ശ്രീ ബാലചന്ദ്രൻ നായർ<br>എഗ്രിമെന്റ് നം./തീ. 53/AE/LSGD/11.10.17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>പൂർത്തീകരിച്ച തീയതി: 30.04.18<br>ഫൈനൽ ബിൽ തുക - 318080<br>ചെക്ക് നം./ബിൽ നം.,തീ.30/18-19/26.06.18<br>31/18-19/26.06.18 | 318174.97 | 3 | 9545 |
| 7 | ഞക്കുകാവ് - തടിമുരുപ്പേൽ പടി റോഡ് കോൺക്രീറ്റിംഗ് (218/19)<br>അടങ്കൽ : 100000<br>കരാറുകാരൻ : ശ്രീ ബി.ബാലചന്ദ്രൻ നായർ<br>എഗ്രിമെന്റ് നം./തീ. 46/AE/PRDM/17-18/11.10.17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>പൂർത്തീകരിച്ച തീയതി: 07.05.18<br>ഫൈനൽ ബിൽ തുക - 90732<br>ഫൈനൽ ബിൽ നം./തീ. 25/18-19/ 26.06.18 | 90749.64 | 3 | 2722 |
| 8 | നെടിയമണ്ണിൽപടി - പ്ലാക്കൽ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (232/19)<br>അടങ്കൽ : 175000<br>കരാറുകാരൻ : ശ്രീ ബി. ബാലചന്ദ്രൻ നായർ<br>എഗ്രിമെന്റ് നം./തീ. 91/AE/LSGD/ 19.12.17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>പൂർത്തീകരിച്ച തീയതി: 13.08.18<br>ഫൈനൽ ബിൽ തുക : 124294 | 167161 | 4 | 5015 |

| | | | | |
|---|---|---|---|---|
| | ഫൈനൽ ബിൽ നം./തീ. 46/18-19/ 20.10.18 | | | |
| | ആകെ | | | 47140 |

അപാകത ചൂണ്ടികാണിച്ച കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ട അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, വളരെയധികം ഫയലുകൾ കൈകാര്യം ചെയ്യേണ്ടിവന്നതിനാൽ അബദ്ധത്തിൽ ചില പ്രവൃത്തികളുടെ ബില്ലിൽനിന്ന് ഫൈൻ ഈടാക്കാൻ സാധിച്ചില്ലെന്നും, ഫൈൻ അടയ്ക്കണമെന്ന വിവരം കരാറുകാരെ അറിയിച്ചിട്ടുണ്ടെന്നും വിശദീകരിച്ചു. കൂടാതെ ക്രമ നം. 1 പ്രകാരമുള്ള പ്രമാടം വായനശാല – മേലേ കിഴക്കേതിൽ പടി റോഡ് കോൺക്രീറ്റിംഗ് (238/19) പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും 4280 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കി (Rt.No.119010106954/19.02.2020). അവശേഷിച്ച 42860 രൂപ ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കി ഒടുക്കവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) <u>പശ്ചാത്തല മേഖലയിലെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നു</u>

പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം പശ്ചാത്തല മേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഭൂരിപക്ഷം പ്രോജക്ടുകളും രണ്ടുലക്ഷത്തിൽ താഴെ അടങ്കലുള്ളതും ശരാശരി 50 മീറ്റർ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയുമായിരുന്നു.

| | |
|---|---|
| 1 ലക്ഷത്തിൽ കുറവ് അടങ്കലുണ്ടായിരുന്ന പ്രോജക്ടുകളുടെ എണ്ണം | 23 |
| 100000 – 200000 അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം | 92 |
| 200001 – 300000 അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം | 35 |
| 300001 – 500000 അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം | 23 |
| 5 ലക്ഷത്തിനുമേൽ അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം | 15 |

റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നില്ല. ഏറ്റെടുക്കുന്ന റോഡുകൾ പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിന് ഫണ്ട് വകയിരുത്തുന്നില്ല. ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവാകുകയും ചെയ്തു.

പ്രോജക്ടുകളുടെ ബാഹുല്യം മൂലം പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും സാധിക്കുന്നില്ലെന്ന് അസ്സിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. അതിനാൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം കൂടുകയും, ഫണ്ട് വിനിയോഗത്തെ ബാധിക്കുകയും ചെയ്യുന്നു. മരാമത്ത് പ്രവൃത്തികൾക്കു പുറമേ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഭാഗമായി വാല്യൂവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുക, കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള അപേക്ഷകൾ തീർപ്പാക്കുക തുടങ്ങിയ ജോലികളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലകളാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്ലാർക്കിന്റെ തസ്തിക ഇല്ലാത്തതും, രണ്ട് ഓവർസീയർ ഉള്ളതിൽ ഒരാൾക്ക് വള്ളിക്കോട്

ഗ്രാമപഞ്ചായത്തിന്റെ കൂടി ചാർജ്ജ് ഉള്ളതും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു.

**ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന തെറ്റായ പ്രവണതയാണ് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് കാരണം.** ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടതെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികളാണ് ഓരോ വർഷവും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിലുള്ള കാതലായ പിഴവാണിത്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം അവസാനിപ്പിക്കുന്നതിനും അതുവഴി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതുണ്ട്.

**(2) <u>ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വിനിയോഗിച്ചു</u>**

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും, ടാറിംഗും നടത്താവുന്നതല്ല. എങ്കിലും, പദ്ധതി മാർഗ്ഗരേഖ പ്രകാരം നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും, സംരക്ഷണത്തിന്റെയും ഭാഗമായി ടാറിംഗും, കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ മാത്രം ഇവ അനുവദിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ ഓഡിറ്റ് വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി 25 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

**(3) <u>റോഡ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നു</u>**

പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ് സർക്കാർ റോഡ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവൃത്തകൾ സംബന്ധിച്ച് വിശദമായ സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്. പഞ്ചായത്തിന്റെ ആസ്തിയിലുള്ള എല്ലാ റോഡുകളും അറ്റകുറ്റപ്പണി നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ, മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളിൽ ഒന്നുംതന്നെ അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് പഞ്ചായത്ത് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തതിനുശേഷം മാത്രമായിരിക്കണം മെയിന്റനൻസ് ഫണ്ട് ഇത്തരം പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ടത്. ഓഡിറ്റ് വർഷം ലഭ്യമായ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ സിംഹഭാഗവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തിട്ടില്ല.

**(4) <u>ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നു</u>**

അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ

പാടുള്ളൂ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ചിട്ടുള്ള റോഡ് നിർമ്മാണ പ്രോജക്ടുകളിൽ പുനരുദ്ധാരണം നടത്തുന്ന റോഡ് ആസ്തിയുടെ യുണീക് നമ്പർ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളിൽതന്നെയാണോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

**(5) <u>ഇലക്ട്രിഫിക്കേഷന് തുക വകയിരുത്താതെ കെട്ടിട നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കുന്നു</u>**

കെട്ടിട നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം നടപ്പിലാക്കാൻ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നില്ല. ഉദാഹരണമായി വെള്ളപ്പാറ കാർഷിക വിപണന കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 15,75,000 രൂപ അടങ്കൽ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി കെട്ടിട നിർമ്മാണം പൂർത്തിയാക്കിട്ടുണ്ടെങ്കിലും, കെട്ടിടം ഉപയോഗിക്കുന്നതിന് അനിവാര്യമായ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കുള്ള പ്രോവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതുപോലെ തന്നെ 1310000 രൂപ അടങ്കൽ വകയിരുത്തി പഞ്ചായത്തിലെ 10-ാം വാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ വൃദ്ധജന സേവന കേന്ദ്രത്തിന്റെ ഇലക്ട്രിഫിക്കേഷനും എസ്റ്റിമേറ്റിൽ പ്രോവിഷൻ ഉൾപ്പെടുത്തിയിരുന്നില്ല (2018-19 സാമ്പത്തിക വർഷം ടി കെട്ടിടം വൈദ്യുതീകരിച്ചിട്ടുണ്ട്).

കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ ചെലവഴിച്ച് പൂങ്കാവ് മാർക്കറ്റിൽ നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറിയിട്ടുള്ള കാർഷിക വിപണന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ നടത്താതിരുന്നതിനാൽ ഓഡിറ്റ് തീയതി വരെ ഉപയോഗത്തിന് തുറന്ന് കൊടുക്കാൻ കഴിയാത്ത സ്ഥിതിയിലാണ്.

**(6) <u>ചെക്ക് മുഖാന്തിരം ലഭിച്ച തനത് ഫണ്ട്/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ക്യാഷ് ബുക്കിൽ വരവ് ചേർത്തിട്ടില്ല</u>**

വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി പഞ്ചായത്തിൽനിന്നും ചെക്ക് മുഖേന ലഭിച്ച 5866283 രൂപ അസി.എഞ്ചിനീയർ ക്യാഷ് ബുക്കിൽ വരവായി ചേർത്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതുമാണ്.

# 1-26 പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ കാലതാമസം

പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബിൽ യഥാസമയം തയ്യാറാക്കി കരാറുകാർക്ക് പ്രതിഫലം നൽകുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കരാറുകാരൻ | ബിൽ തുക | പണിപൂർത്തിയാക്കിയ തീയതി | ബിൽ നൽകിയത് |
|---|---|---|---|---|---|
| 3 | 64-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് (205/19)<br>121/AE/LSGD/PRDM/18.03.17 | ശ്രീമതി ശോഭന | 128357 | 09.06.17 | 30.07.18 |

| | | | | | |
|---|---|---|---|---|---|
| | | വിജയൻ (കൺവീനർ) | | | |
| 5 | എഴമൺകുളം സൈഡ് കെട്ട് (204/19) | ശ്രീ രാധാകൃഷ്ണൻ കൺവീനർ | 69862 | 05.06.17 | 16.05.18 |

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടം 15(6) പ്രകാരം ഒരു പൊതുമരാമത്ത് പണി പൂർത്തിയായതായി അറിയിപ്പുകിട്ടി ഒരാഴ്ചയ്ക്കകം പണികളുടെ അളവെടുക്കലും ചെക്ക്മെഷർമെന്റ് നടത്തലും പൂർത്തിയാക്കേണ്ടതും, അതിനു ശേഷം പണിയുടെ അവസാന പേയ്മെന്റ് നടത്തേണ്ടതുമാണ്. ചട്ടപ്രകാരം പേയ്മെന്റ് നടത്താതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-27 നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടിയില്ല

പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഓഡിറ്റ് വർഷം നിർമ്മാണം പൂർത്തിയാക്കിയ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം ഉപയോഗപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർമ്മാണം പൂർത്തിയാക്കിയ തീയതി | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 265/19 | വൃദ്ധ ജന സേവന കേന്ദ്രം (വാർഡ് 9) | 13.11.18 | 1310000 | 1020647 |
| 2 | 264/19 | വെള്ളപ്പാറ കാർഷിക വിപണന കേന്ദ്രം പുതിയ കെട്ടിടം (വാർഡ് 8) | 23.11.18 | 1575000 | 1367116 |

പൊതുപണം ചെലവഴിച്ച് ആർജ്ജിച്ചിട്ടുള്ള ടി കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താതെ അടച്ചിട്ടിരിക്കുന്നത് ഇവ നിർമ്മിക്കുന്നത് ചെലവഴിച്ച തുകയുടെ ദുർവിനിയോഗത്തിന് തുല്യമാണ്. കെട്ടിടം പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-28 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽനിന്നും 2% GST ഈടാക്കിയില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പടിഞ്ഞാറ്റിൻകര – വല്ലൂർപടി റോഡ് കോൺക്രീറ്റിംഗ് (32/18-19) പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽനിന്നും GST ഈടാക്കിയിട്ടില്ല. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 01.10.18-ന് ശേഷം പൂർത്തിയാക്കുന്ന 2.5 ലക്ഷം രൂപയിൽ കൂടുതൽ പ്രവൃത്തി മൂല്യമുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽനിന്നും 2% ജി.എസ്.ടി. (GST-TDS) കിഴിവു വരുത്തേണ്ടതായിരുന്നു. 01.10.18-ന് മുമ്പായി പ്രവൃത്തി പൂർത്തിയാക്കിയതായി വരുത്തിതീർക്കുന്നതിന് ഈ പ്രവൃത്തിയുടെ എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയ തീയതികൾ ബോധപൂർവ്വം തിരുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബില്ലിലും, കംപ്ലീഷൻ സർട്ടിഫിക്കറ്റിലും

11.10.2018-ൽ പ്രവൃത്തി പൂർത്തിയാക്കിയതായാണ് കാണിച്ചിരിക്കുന്നത്. എം.ബുക്കിലെയും, ഫൈനൽ ബില്ലിലെയും തീയതികൾ തിരുത്തിയാണ് ജി.എസ്.ടി. ഒടുക്കുന്നതിൽനിന്നും കരാറുകാരനെ ഒഴിവാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/17.02.2020) അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് പ്രതിഫലം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ | ശ്രീ കിഷോർ പി. ദിവാകർ |
| അടങ്കൽ | 286000 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 11.10.18 |
| ബിൽ സമർപ്പിച്ചത് | 15.10.18 |
| പ്രവൃത്തി മൂല്യം | 285916 |
| ടെണ്ടർ കുറവ് 0.5% | 1430 |
| | 284486 |
| കുറയ്ക്കുക:- | |
| IT 1% - 2859<br>WF 1% - 2859 | 5718 |
| കരാറുകാരന് നൽകിയത് | 278768 |

ക്രമപ്രകാരം GST കിഴിവ് വരുത്താത്തതിനാൽ 5690 രൂപ കരാറുകാരന് അധികം പ്രതിഫലം നൽകി. ഈ ഇനത്തിൽ സർക്കാർ ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

# 1-29 സംയുക്ത പദ്ധികൾക്കുള്ള അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 2018-19 വർഷാന്ത്യത്തിൽ 5553018 രൂപ ചെലവാകാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് ചെലവഴിക്കാതെ ഇപ്രകാരം അക്കൗണ്ടിൽ നിലനിർത്തിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. ഭാവിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ

തുക ക്രഡിറ്റ് ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് ശൂന്യമാണെന്ന് (zero balance) ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു.

മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-30 ടെണ്ടർ ഫീസ് ഒടുക്കാൻ ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.10.17-ലെ സ.ഉ.(സാധാ.)3186/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുസരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ട് തുടങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, നിരതദ്രവ്യം മുതലായവ പത്തനംതിട്ട എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തു വരുന്നത്. 02.10.2017-ലെ ഉത്തരവിന് മുമ്പ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് മാത്രമേ ഈ ആവശ്യത്തിന് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതിയുണ്ടായിരുന്നുള്ളൂ എന്നതിനാലാണ് ഇപ്രകാരം ചെയ്തത്. 2015-2016 മുതൽ 2018-19 വരെയുള്ള കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച 75525 രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ.എം.ഡി. എന്നിവ ഒടുക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ അസി.എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്. കൂടാതെ, ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-31 നിർമ്മിതി കേന്ദ്രം മുഖേനയുള്ള അങ്കണവാടി നിർമ്മാണം- അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി മുഖേന രണ്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി മുഖേന നിർമ്മാണ പ്രവൃത്തികൾ ചെയ്യുമ്പോൾ അനുവർത്തിക്കേണ്ട നിബന്ധനകൾ പാലിക്കാതെയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ആകെ പ്രവൃത്തിമൂല്യം | ചെലവ് | ബിൽ നം/ചെക്ക് നമ്പർ |
|---|---|---|---|---|
| I | 78ാം നമ്പർ അങ്കണവാടി നിർമ്മാണം | | | |
| എ) | 78ാം നമ്പർ അങ്കണവാടി നിർമ്മാണം (290/19) - സ്പിൽ ഓവർ<br>എം.ബുക്ക് നം.14, 28/17-18 | 750000 | 2017-18—449931<br>2018-19----300069 | 316177/2.8.18 |
| ബി | 78-ാം നമ്പർ അങ്കണവാടി | 500000 | 2017-18---100000<br>2018-19---400000 | 218867/26.12.18 |

| | | | | |
|---|---|---|---|---|
| | പൂർത്തീകരണം (289/19)<br>എം.ബുക്ക് നം.10/18-19 | | | |
| സി | 78-ാം നമ്പർ അങ്കണവാടി-ചുറ്റമതിൽ, വരാന്ത, കിണർ നിർമ്മിക്കൽ, ഇന്റർലോക്ക് പാകൽ | അഡ്വാൻസ് | 100000 | 44/13.3.19 |
| II | എഴുമൺ 65-ാം നമ്പർ അങ്കണവാടി നിർമ്മാണം | | | |
| എ) | എഴുമൺ 65-ാം നമ്പർ അങ്കണവാടി നിർമ്മാണം<br>എം ബുക്ക് നം--29, 45/18-19 | 1000000 | 200000<br>314336<br>265000 | 19/19.11.18<br>39/29.01.19<br>667925/28.03.19 |
| ബി) | എഴുമൺ 65-ാം നമ്പർ അങ്കണവാടി -സംരക്ഷണ ഭിത്തി | 699972 | 100000(അഡ്വാൻസ്) | |

പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുന്ന ഈ പ്രോജക്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥന്റെ അംഗീകാരം മാത്രം ആവശ്യമുള്ള ക്യാറ്റഗറി 3 പ്രോജക്ട് ആയിട്ടാണ് ഇത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ അംഗീകാരവും സാങ്കേതികാനുമതിയും നൽകുന്ന ക്യാറ്റഗറി 4 പ്രോജക്ടായി വേണമായിരുന്നു ഈ പ്രോജക്ട് ആവിഷ്കരിക്കേണ്ടിയിരുന്നത്. സാങ്കേതിക അനുമതി വാങ്ങാതെ പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല. എൻജിനീയറിംഗ് വിഭാഗത്തിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സാങ്കേതിക അനുമതി വാങ്ങി വേണം പ്രവൃത്തി നടപ്പിലാക്കേണ്ടതെന്ന് ജി.ഒ(പി) 95/2017/ഫിൻ തീ.25/07/2017 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ് എന്നിവ അടങ്ങിയ ഡി.എസ്.ആർ പ്രകാരമുള്ള റേറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇതു കൂടാതെ ആകെ പ്രവൃത്തിമൂല്യത്തിന്റെ 8% തുക സെന്റേജ് ചാർജ് ഇനത്തിലും അനുവദിച്ചിട്ടുണ്ട്. ജി.ഒ(പി) 95/2017/ഫിൻ തീ.25/07/2017 നമ്പർ ഉത്തരവ് പ്രകാരം സുതാര്യമായ ടെണ്ടർ നടപടികളിലൂടെ കോൺട്രാക്ടറെ തെരഞ്ഞെടുത്താണ് പ്രവൃത്തി നടത്തുന്നതെങ്കിൽ മാത്രമേ കരാറുകാരുടെ ലാഭ വിഹിതം അനുവദനീയമായിട്ടുള്ളൂ. ഏജൻസി നേരിട്ട് നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്ക് കരാറുകാരുടെ ലാഭ വിഹിതം അനുവദനീയമല്ല. എന്നാൽ ഓവർഹെഡ് ചാർജും സെന്റേജ് ചാർജും അനുവദിക്കാവുന്നതാണ്. പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ച് കോൺട്രാക്ടറെ തെരഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ജില്ലാ നിർമ്മിതി കേന്ദ്രം നേരിട്ട് പ്രോജക്ട് നിർവ്വഹിച്ചതായാണ് എം-ബുക്ക് ഉൾപ്പടെയുള്ള രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായത്. ഈ സാഹചര്യത്തിൽ പ്രോജക്ടിന് കരാറുകാരുടെ ലാഭവിഹിതം (10%) അനുവദനീയമായിരുന്നില്ല.

3) അക്രഡിറ്റഡ് ഏജൻസിയുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും നിർമ്മാണ വേളയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് അനുയോജ്യമായ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവ് ഒബ്സർവേഷൻ

കാലയളവായിരിക്കുമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ആകെ പ്രവൃത്തിമൂല്യത്തിന്റെ 5% തുക പെർഫോമൻസ് ഗ്യാരണ്ടിയായി സൂക്ഷിക്കേണ്ടതും ഒബ്സർവേഷൻ പീരിയഡ് വിജയകരമായി പൂർത്തീകരിച്ചതിന് ശേഷം മാത്രം തിരികെ നൽകേണ്ടതുമാണ്. ഈ വ്യവസ്ഥ പാലിക്കാതെയാണ് ഫൈനൽ ബിൽ അനുവദിച്ചത്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01/08/18-ലെ എ.സി.3/163/2017/ത.സ്വ.ഭ.വ നമ്പർ സർക്കുലർ അനുസരിച്ച് അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ സൂപ്പർ വിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശ ഭരണ എൻജിനീയറിംഗ് വിഭാഗം ചെയ്തു നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. കോ-ഓർഡിനേഷൻ സമിതിയുടെ 6/6/18-ലെ തീരുമാനം നമ്പർ 4.26 പ്രകാരമാണ് ഈ സർക്കുലർ പുറപ്പെടുവിച്ചത്. ടി സർക്കുലർ പ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരുന്നുവെങ്കിൽ മേൽ സൂചിപ്പിച്ച അപാകതകൾ ഒഴിവാക്കുവാൻ സാധിക്കുമായിരുന്നു. ടി പ്രോജക്ട് ഫയലുകളും എം-ബുക്കുകളും എൻജിനീയറിംഗ് വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് അധികം നൽകിയ തുക കണക്കാക്കേണ്ടതും ആയത് തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കേണ്ടതുമാണ്. പ്രോജക്ട് നിർവ്വഹണത്തിലുണ്ടായ അപാകതകൾ ആവർത്തിക്കാതിരിക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾ- മുൻകൂർ നൽകിയ 83.52 ലക്ഷം രൂപയുടെ പൂർത്തീകരണ രേഖകളില്ല

ഗ്രാമപഞ്ചായത്ത് 2016-17, 2017-18, 2018-19 വർഷങ്ങളിൽ വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, കെ.എസ്.ഇ.ബി തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 8352530 രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ സ്ഥാപനം | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|
| 2016-17 | നെടുമുരുപ്പേൽ എസ്.എൻ.ഡി.പി. പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | കേരള വാട്ടർ അതോറിറ്റി | 66000 |
| “ | പ്രമാടം കുടിവെള്ള പദ്ധതി-ഐരേത്ത് വിള ടാങ്കിന് വാൽവ് (എസ് 0083/2017) | കേരള വാട്ടർ അതോറിറ്റി | 49000 |
| “ | 69-ാം നമ്പർ അംഗൻവാടി കുഴൽ കിണർ നിർമ്മാണം | ഭൂഗർഭ ജല വകുപ്പ് | 133000 |
| “ | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ (എസ് 0156/16-17) | കെ.എസ്.ഇ.ബി | 1814848 |
| “ | 8-ാം വാർഡിൽ കോളനിയിൽ തെരുവ് വിളക്ക് ലൈൻ | കെ.എസ്.ഇ.ബി | 127155 |
| “ | തലയറ കോളനി 3-ഫേസ് വൈദ്യുതി കണക്ഷൻ | കെ.എസ്.ഇ.ബി | 464200 |
| “ | മണലാടി കോളനി 3-ഫേസ് വൈദ്യുതി കണക്ഷൻ | കെ.എസ്.ഇ.ബി | 12965 |
| | | | |

| | | | |
|---|---|---|---|
| “ | പൂങ്കാവ് മാർക്കറ്റ് 11 കെ വി ലൈൻ സ്റ്റേ വയർക്കറ്റി സ്ഥാപിക്കൽ (85/17) | കെ.എസ്.ഇ.ബി | 15111 |
| 2017-18 | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (264/18) | വാട്ടർ അതോറിറ്റി | 554000 |
| “ | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (259/18) | കെ.എസ്.ഇ.ബി | 1418395 |
| 2018-19 | പഞ്ചായത്തിന്റെ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (62/19) | കെ.എസ്.ഇ.ബി | 1840737 |
| “ | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ( 149/19) - എസ്.സി.പി | കെ.എസ്.ഇ.ബി | 77119 |
| “ | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (159/19) | വാട്ടർ അതോറിറ്റി | 460000 |
| “ | വേങ്ങവിള കുടിവെള്ള പദ്ധതി പൂർത്തീകരണം, 165/19 | വാട്ടർ അതോറിറ്റി, പത്തനംതിട്ട | 1300000 |
| “ | തലയിറക്കോളനി കുടിവെള്ള പദ്ധതി-ജലശുദ്ധീകരണ പ്ലാന്റ് (329/19) | വാട്ടർ അതോറിറ്റി, പത്തനംതിട്ട | 640000 |
| “ | വെള്ളപ്പാറ കിങ്കിരേത്ത് കുടിവെള്ള പദ്ധതി ഇലക്ട്രിസിറ്റി കണക്ഷൻ | കെ.എസ്.ഇ.ബി, കോന്നി | 20000 |
| | ആകെ | | 8352530 |

2018-19 വർഷം വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ടശേഷമാണ് തുക നൽകിയത്. എഗ്രിമെന്റ് പ്രകാരം 31.03.19-നകം നിർമ്മാണം പൂർത്തിയാക്കി പൂർത്തീകരണ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതായിരുന്നു. എഗ്രിമെന്റ് വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രോജക്ട് നം.62/19 പ്രകാരം 1840737 രൂപ കെ.എസ്.ഇ.ബി-യിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കെ.എസ്.ഇ.ബി. വകയാർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുള്ള 08.03.19-ലെ 20/SEC/PGP/19 നമ്പർ എഗ്രിമെന്റിൽ 63463 രൂപ കൈമാറിയതായി കാണിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയും കെ.എസ്.ഇ.ബി. കുമ്പഴ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുള്ള 08.03.19-ലെ 18/SEC/PGP/19 നമ്പർ എഗ്രിമെന്റിൽ നൽകിയ തുക രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.22/15.02.2020) നൽകിയ മറുപടിയിൽ, അപാകതകൾ പരിഹരിക്കുമെന്നും വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽനിന്നും വാങ്ങി രേഖകൾ ലഭ്യമാക്കാമെന്നും അറിയിച്ചു. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 സാംസ്കാരിക നിലയം പൂർത്തീകരണം (രണ്ടാം ഘട്ടം) - എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഗുരുതര പിഴവ്

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം പ്രോജക്ട് നം. 259/17 പ്രകാരം നടപ്പാക്കിയ

സാംസ്കാരിക നിലയം പൂർത്തീകരണം എന്ന പ്രവൃത്തിയുടെ അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 2017-18 വർഷം സാംസ്കാരിക നിലയം പൂർത്തീകരണം 2-ാം ഘട്ടം എന്ന പേരിൽ 495000 രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുണ്ട്. ആദ്യ ഘട്ട പ്രവൃത്തി ഏറ്റെടുത്ത അതേ കരാറുകാരൻ തന്നെയാണ് രണ്ടാം ഘട്ട പ്രവൃത്തിയും നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ആദ്യ പ്രോജക്ടിൽ ഉൾപ്പെടുത്താൻ വിട്ടുപോയ ഒരു സ്ലാബിന്റെ നിർമ്മാണത്തിനും, ലിന്റൽ, സൺഷേഡ്, സ്റ്റെയർ എന്നിവ നിർമ്മിക്കുന്നതിനും, പെയിന്റിംഗ് ഉൾപ്പടെയുള്ള ഫിനിഷിംഗ് പ്രവൃത്തികൾക്കുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പല പ്രവൃത്തികളും ആദ്യ ഘട്ട പ്രവൃത്തിയിൽ തന്നെ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതായി നിർമ്മാണ ഘട്ടത്തിൽ കാണുകയും 118987 രൂപയുടെ പ്രവൃത്തികൾ മാത്രം ചെയ്ത് കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകുകയും ചെയ്തു.

കെട്ടിട നിർമ്മാണത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്താതെ ഘട്ടംഘട്ടമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത് ക്രമമല്ല. മാത്രവുമല്ല, കെട്ടിടത്തിന്റെ ഘടനയുടെ അവിഭാജ്യമായ ചില ഭാഗങ്ങൾ ഒഴിവാക്കി ആദ്യഘട്ട പദ്ധതി തയ്യാറാക്കുകയും, തുടർന്ന് ആദ്യഘട്ടത്തിൽ ഉൾപ്പെട്ട ഇനങ്ങൾ കൂടി ഉൾപ്പെടുത്തി കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് രണ്ടാം ഘട്ട പദ്ധതി തയ്യാറാക്കി അതേ കരാറുകാരനെക്കൊണ്ട് പ്രവൃത്തി നടത്തിക്കുകയും ചെയ്തത് സദുദ്ദേശ്യപരമല്ല. ക്രമവിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കി, ആവശ്യമില്ലാതെ തുക വകയിരുത്തിയതിനാൽ മറ്റ് പ്രോജക്ടുകൾക്ക് ഫലപ്രദമായി വിനിയോഗിക്കാമായിരുന്ന 376013രൂപ വിനിയോഗിക്കാനാവാതെ ലാപ്സായി.

ക്രമവിരുദ്ധമായ നടപടി സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ (എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി.) ആവശ്യമായ പരിശോധന നടത്തി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-34 ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയില്ല; 320767 രൂപ തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2018-19 വർഷം നടത്തിയ ചുവടെ ചേർക്കുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം., തീയതി | ചെലവ് തുക | ചെലവിന്റെ വിവരം | ചെലവ് തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | 21800152/6.6.18 | 95000 | വാർഡ് 1-ന് 5000 രൂപ ക്രമത്തിൽ വാർഡ് തല സാനിട്ടേഷൻ സമിതിയ്ക്ക് നൽകുന്നതിനായി പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയത് | ചെലവിന്റെ വൗച്ചറുകൾ വാർഡ് സമിതികളിൽ നിന്ന് ശേഖരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല |
| 2 | 21800179/21.06.18 | 157239 | ശമ്പള പരിഷ്കരണ കുടിശ്ശിക കെ.പി.ഇ.പി.എഫിൽ ഒടുക്കുന്നതിനായി പിൻവലിച്ചത് | ട്രഷറി ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 3 | 14930/21.06.18 | 14930 | ശമ്പള പരിഷ്കരണ കുടിശ്ശിക പി.എഫി-ൽ ഒടുക്കുന്നതിനായി പിൻവലിച്ചത് | ട്രഷറി ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 4 | 21800182/21.06.18 | 7200 | സെക്രട്ടറിയുടെ പെൻഷൻ | ട്രഷറി ചെലാൻ |

| | | | | |
|---|---|---|---|---|
| | | | കോൺട്രിബ്യൂഷൻ ഒടുക്കുന്നതിനായി പിൻവലിച്ച തുക | പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 5 | 21800148/6.6.18 | 12500 | വിവിധ തീയതികളിൽ നടന്ന സമ്മേളനങ്ങൾക്ക് മൈക്ക് സെറ്റ് പ്രവർത്തിപ്പിച്ചതിന് നൽകിയ തുക | കമ്മിറ്റി ചെലവ് അംഗീകരിച്ചതിന്റെ രേഖകളില്ല |
| 6 | 21800292/2.8.18 | 33898 | 7/18-ലെ സെക്രട്ടറിയുടെ ശമ്പളം | ശമ്പള ബിൽ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| | ആകെ | 320767 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/19.2.2020) മറുപടിയായി രേഖകൾ അടിയന്തിരമായി ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അനുബന്ധരേഖകളുടെ അഭാവത്തിൽ 320767 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-35 വാങ്ങിയ എയർപോർട്ട് ചെയർ പഞ്ചായത്തിലോ ഘടക സ്ഥാപനങ്ങളിലോ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 273/19 |
| അടങ്കൽ | 125000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | 124982, 191/14.11.18 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എച്ച്.സി/അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനായി പ്രോജക്ട് ആവിഷ്കരിക്കുകയും ടെണ്ടർ നടപടികളിലൂടെ ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി combained steel chair(Airport chair, Nilkamal) 3എണ്ണം വാങ്ങിയിരുന്നു( 3x8340=25020). എന്നാൽ ഇതിൽ രണ്ടെണ്ണം മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. ഈ രണ്ടെണ്ണം പി.എച്ച്.സി അധികൃതർ കൈപ്പറ്റിയിട്ടുമുണ്ട്. പ്രോജക്ട് പ്രകാരം വാങ്ങിയ 3 എയർ പോർട്ട് ചെയറും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി മറ്റ് ഘടകസ്ഥാപനങ്ങളിൽ വിശദമായി അന്വേഷിച്ച ശേഷം മൂന്നാമത്തെ ചെയർ ലഭിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഒരു എയർപോർട്ട് ചെയർ എവിടെയാണന്നത് വ്യക്തമല്ലാത്ത സാഹചര്യത്തിൽ ചെലവഴിച്ച 8340 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിൽ അലംഭാവം

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള നിരവധി കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥമൂലം നിർജ്ജീവമായി കിടക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഈ കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. രൂപക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലമാണ് പ്രമാടം ഗ്രാമപഞ്ചായത്ത്. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ചെറുകിട പദ്ധതികൾ

പ്രവർത്തനക്ഷമമാക്കി സംരക്ഷിക്കേണ്ടത് പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അനിവാര്യമാണ്.

ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്താക്കളുടെ സമിതികൾ രൂപീകരിച്ച് രേഖാമൂലം ഏൽപ്പിച്ചു നൽകിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ട രേഖകളും, ഫയലുകളും പദ്ധതികൾ സ്ഥാപിച്ചിട്ടുള്ള ഭൂമി സംബന്ധിച്ച രേഖകളും ഇല്ല. പദ്ധതികളുടെ പരിപാലനം, ധനവിനിയോഗം, മോണിട്ടറിംഗ് എന്നിവ ചിട്ടപ്പെടുത്തികൊണ്ട് ബൈലോ തയ്യാറാക്കി, ഗുണഭോക്തൃസമിതികൾ രജിസ്റ്റർ ചെയ്തിട്ടില്ല. ചുരുക്കത്തിൽ നിലവിലുള്ള പദ്ധതികളുടെമേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണമോ, മേൽനോട്ടമോ ഇല്ലാത്ത അവസ്ഥയാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള പദ്ധതികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. നിർജ്ജീവമായ കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിന് ബൈലോ തയ്യാറാക്കേണ്ടതും, രജിസ്റ്റർ ചെയ്ത ഗുണഭോക്തൃസമിതികളെ പദ്ധതികളുടെ നടത്തിപ്പ് ഏൽപ്പിക്കേണ്ടതുമാണ്.

# 1-37 കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നു വിത്തുകളും വളവും വാങ്ങിയത് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ

കൃഷി ഓഫീസർ നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഭാഗമായി വിത്തും വളവും വാങ്ങിയിരിക്കുന്നത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുമാണ്.

| പ്രോജക്ടിന്റെ നമ്പരും പേരും | ബിൽ/ ചെക്ക് നമ്പരും തീയതിയും | വാങ്ങൽ നടത്തിയ ഇനം | അളവ് | ഇൻവോയിസ് നം.& തീയതി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കൈമാറിയ തുക |
|---|---|---|---|---|---|
| പ്രോജക്ട് നം.S043/19 വാഴകൃഷി വികസനം | 11/18-19 dt.28.12.18 | ബോൺമീൽ & ബനാന സക്കർ | 22333 kg @ Rs.30/kg | V-577A/ 18-19 dtd. 18.12.18 | 456465 (വി.ഫ) +43535 (തനത് ഫ.) +170000 (ഗ്ര.വി) =670000 |
| പ്രോജക്ട് നം.S080/19 വെറ്റില കൃഷി വികസനം | 10/18-19 dt.28.12.18 | ഓർഗാനിക് മാനവർ | 1250 kg @ Rs.20 | V-511 A/17-18 dtd. 27.11.18 | 46875(വി.ഫ)+15625 (ഗ്ര.വി)= 62500 |
| | | വേപ്പിൻ പിണ്ണാക്ക് | 1250 kg @ Rs.30 | | |
| പ്രോജക്ട് നം.S058/19 കേര സമൃദ്ധി, കുറിയ ഇനം തെങ്ങിൻ തൈ വിതരണം (ജനറൽ വനിത) | ചെക്ക് നം.2188675 dt.31.12.2018 | കോക്കനട്ട് സീഡ്ലിംഗ്സ് | വിവരങ്ങൾ ലഭ്യമല്ല | ഇൻവോയിസ് ലഭ്യമല്ല | 93750 (ഗ്ര.വി) |
| | 02/18-19, dt.18.09.18 | കോക്കനട്ട് സീഡ്ലിംഗ്സ് | വിവരങ്ങൾ ലഭ്യമല്ല | ഇൻവോയിസ് ലഭ്യമല്ല | 56100 (വി.ഫ-ജനറൽ) |
| പ്രോജക്ട് നം.S059/19 | 05/18-19 dt.18.09.18 | കോക്കനട്ട് സീഡ്ലിംഗ്സ് | 300 no@ Rs250/seedlng | V-228A /18-19 dt.06.0918 | 75000 (വി.ഫ-എസ്.സി.പി) |

| | | | | | |
|---|---|---|---|---|---|
| കേര സമൃദ്ധി (എസ്സ്.സി വനിത) | | | | | |

കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ടി സ്ഥാപനം സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക യന്ത്രസാമഗ്രികൾ മാത്രമേ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയുള്ളൂ. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ., തീയതി.14.02.2018 പ്രകാരം വിത്തുകൾ, വാഴത്തൈകൾ എന്നിവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോരിറ്റി, VFPCK എന്നിവിടങ്ങളിൽ നിന്ന് വാങ്ങുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കെയ്കോ ഉൽപ്പാദിപ്പിക്കാത്ത വിത്തുകളും വളങ്ങളും ടെണ്ടർ കൂടാതെ വാങ്ങിയത് ക്രമപ്രകാരമല്ല. ഭാവിയിൽ കാർഷിക മേഖലയിലെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ വളം, നടീൽ വസ്തുക്കൾ എന്നിവയുടെ സമാഹരണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

# 1-38 കാർഷിക മേഖലയിലെ പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ

കാർഷിക മേഖലയിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾ വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരുന്നത്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | |
|---|---|---|---|---|
| | | | വി.ഫണ്ട് | ഗു.വി |
| 1 | S058/19 | കേര സമൃദ്ധി-കുറിയ ഇനം തെങ്ങിൻ തൈ വിതരണം (ജനറൽ വനിത) | 281250 (ജനറൽ) | 93750 |
| 2 | S059/19 | കേര സമൃദ്ധി- കുറിയ ഇനം തെങ്ങിൻ തൈ വിതരണം (എസ്സ്.സി, വനിത) | 250000 (എസ്.സി.പി) | |
| 3 | S061/19 | പച്ചക്കറി വികസനം (എസ്സ്.സി, വനിത) | 19000 (എസ്.സി.പി) | |

വനിതകളുടെ സാമൂഹിക, സാമ്പത്തിക പദവി ഉയർത്തുന്നതിനുതകുന്ന ഉൽപ്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ പദ്ധതികളും സ്ത്രീകളുടെ വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരഭങ്ങൾ, ലേബർ ബാങ്കുകൾ സ്വയം തൊഴിൽ സംരഭകരുടെ ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ തുടങ്ങിയവയും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ തടയുന്നതിനുതകുന്ന ക്രിയാത്മക പദ്ധതികളുമൊക്കെയാണ് വനിതാഘടക പദ്ധതിയിലുൾപ്പെടുത്തേണ്ടത് ഇതിനു വിപരീതമായി കാർഷിക മേഖലയിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേപോലെ പ്രയോജനം ലഭിക്കുന്ന

പദ്ധതികൾ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തിയത് പ്രത്യേക മേഖല/ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അന്തസ്സത്ത ഉൾക്കൊള്ളാതെയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-39 അംഗൻവാടി പൂരക പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം -ചെലവഴിക്കാതെ ശേഷിക്കുന്നത് 12.80 ലക്ഷം രൂപ

അംഗൻവാടി പൂരകപോഷകാഹാര പദ്ധതിയ്ക്ക് കേന്ദ്രവിഹിതം ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2013-14 | - | 316978 | 316978 | 187910 | 129068 |
| 2014-15 | 129068 | 162472 | 291540 | 195991 | 95549 |
| 2015-16 | 95549 | 521251 | 616800 | 227185 | 389615 |
| 2016-17 | 389615 | 991701 | 1381316 | 772256 | 609060 |
| 2017-18 | 609060 | 526176 | 1135236 | 537989 | 597247 |
| 2018-19 | 597247 | 700039 | 1297286 | 16992 | 1280294 |

ചെലവഴിക്കാതെ ശേഷിക്കുന്ന 1280294 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 03.09.2010 ലെ സ.ഉ.നം.39033/ഡി.സി.2/2010 നം ഉത്തരവ് പ്രകാരം പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതം ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 അനുപൂരകപോഷകാഹാരപദ്ധതി- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

അനുപൂരകപോഷകാഹാര പദ്ധതിയുടെ ഭാഗമായി (പ്രോജക്ട് നം.20/2019) ഗോതമ്പ്, റാഗി മുതലായ ഭക്ഷ്യസാധനങ്ങൾ വാങ്ങിയ ഇനത്തിൽ വി-കോട്ടയത്ത് പ്രവർത്തിക്കുന്ന സപ്ലൈകോ ഡിപ്പോക്ക് വികസനഫണ്ടിനത്തിൽ 9329 രൂപ അധികമായി നൽകിയിട്ടുണ്ട് (ബിൽ നം. 25/18-19/23.03.19). തൻവർഷം 1060951 രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകാനുണ്ടായിരുന്ന സാഹചര്യത്തിലാണ് 9329 രൂപ അധികമായി നൽകിയത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/18.02.2020) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-41 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (33/19) – അർഹമായ നിരക്കിൽ നൽകിയില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി.എൽ./ബി.പി.എൽ. എന്ന വേർതിരിവില്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണെന്നും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ ആവശ്യത്തിന് സംയുക്തമായോ, ഒറ്റയ്ക്കോ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 480000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 200000 രൂപയും ഉൾപ്പടെ ആകെ 880000 രൂപ അടങ്കൽ വകയിരുത്തി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും തൻവർഷം ആകെ 825200 രൂപ മാത്രമാണ് ചെലവഴിച്ചത്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം മാനസികവെല്ലുവിളി നേരിടുന്ന ഡേ സ്കോളർക്ക് പ്രതിമാസം 1000 രൂപ വീതം യാത്രാബത്ത അനുവദിക്കാവുന്നതാണ്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം 45കുട്ടികൾക്ക് 6 മാസത്തെ ബത്ത നൽകുന്നതിന് സാധിച്ചിട്ടില്ല. ഭിന്നശേഷിക്കാർക്ക് ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം എന്ന നിലയിൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 ലൈഫ് മിഷൻ പദ്ധതി (137/19) – ഭവന നിർമ്മാണം നടത്തിയില്ല; അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ്

2018-19 സാമ്പത്തികവർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന നിർവഹണം നടത്തിയ ലൈഫ് മിഷൻ ഭവനനിർമ്മാണം (എസ്.സി.പി.) പദ്ധതിയിലുൾപ്പെടുത്തി കൃഷ്ണൻകുട്ടി, കൊല്ലം പടിഞ്ഞാറ്റേതിൽ എന്ന ഗുണഭോക്താവിന് 40000 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസർ നൽകിയ കൈവശാവകാശ രേഖയുടെ അടിസ്ഥാനത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ കൃഷ്ണൻകുട്ടി/ഗീത എന്ന ഗുണഭോക്താവിന്റെ ബ്ലോക്ക് 29-ൽ 169/15 റീസർവേ നമ്പരിൽ ഉൾപ്പെട്ടിട്ടുള്ള 2.60 ആർ സ്ഥലത്ത് ഭവനനിർമ്മാണം നടത്തുന്നതിന് ധനസഹായം ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിലേർപ്പെട്ടിരുന്നു. എന്നാൽ നിർമ്മാണം ആരംഭിച്ചപ്പോൾ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം ഉണ്ടാവുകയും ഭവന നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നിർത്തി വക്കുകയും ചെയ്തിരുന്നു.

തദ്ദേശഭരണ (ഡി.ബി.) വകുപ്പിന്റെ 16.03.18-ലെ സ.ഉ.(എം.എസ്.)34/18/ത.സ്വ.ഭ.വ. ഉത്തരവിലെ ഖണ്ഡിക 6 പ്രകാരം ആദ്യഗഡു കൈപ്പറ്റിയ ശേഷം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഭവനനിർമ്മാണം തുടരാത്തതിനാൽ അഡ്വാൻസ് തുക കൈപ്പറ്റിയ തീയതി മുതൽ നാളിതുവരെയുള്ള 12% പലിശ സഹിതം തിരികെ ഒടുക്കേണ്ടതാണെന്ന് 16.11.19-ൽ ഗുണഭോക്താവിന് നിർവ്വഹണോദ്യോഗസ്ഥൻ കത്ത് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/13.02.20) ലഭ്യമാക്കിയ മറുപടിയിൽ തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ

ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-43 വീട് വാസയോഗ്യമാക്കൽ - അനുവദനീയമായതിൽ അധികം സബ്സിഡി നൽകി

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (SO 114/19-ജനറൽ) പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകിയ വസന്തകുമാരി, വയലുംകരോട്ട്, മല്ലശ്ശേരി എന്ന ഗുണഭോക്താവിന് അർഹമായതിലും അധികമായി 25000 രൂപ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | നൽകിയ തുക | ബിൽ നമ്പർ/തീയതി | വിഭാഗം |
|---|---|---|---|
| വസന്തകുമാരി, വയലുംകരോട്ട്, മല്ലശ്ശേരി | 25000<br>25000<br>25000 | 28/18-19/31.10.18<br>45/18-19/26.12.18<br>ചെക്ക് നം.173375/20.02.19 | ജനറൽ |
| ആകെ | 75000 | | |

41 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിന് 50000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. അംഗീകരിച്ച പ്രോജക്ടിൽ പറഞ്ഞിരുന്നതിൽ അധികമായി ധനസഹായം വിതരണം ചെയ്തതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35/20.02.20) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ തുക തെറ്റായി ടി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതാണെന്നും തുക തിരികെ ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ 25000 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-44 വനിതകൾക്ക് ഓട്ടോറിക്ഷ നൽകൽ - പദ്ധതി നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കി

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി വനിതകൾക്ക് ഓട്ടോറിക്ഷ നൽകുന്നതിന് പ്രോജക്ട് നം.185/19 പ്രകാരം ഓഡിറ്റ് വർഷം പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല. വികസനഫണ്ട് 7,50,000 രൂപയും ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പ 13,00,000 രൂപയും ഉൾപ്പെടെ 20,50,000 രൂപയാണ് പദ്ധതിക്ക് വകയിരുത്തിയിരുന്നത്. ഓട്ടോറിക്ഷ നൽകുന്നതിന് വിവിധ വാർഡുകളിൽനിന്നായി 19 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നെങ്കിലും ആനുകൂല്യം വിതരണം ചെയ്യാതെ വകയിരുത്തിയ ഫണ്ട് ലാപ്സാക്കുകയാണുണ്ടായത്. ഫണ്ട് ലാപ്സാക്കിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ തെരഞ്ഞെടുത്ത 19 ഗുണഭോക്താക്കളും ആനുകൂല്യത്തിന് അർഹരായിരുന്നില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചു. അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതിയ്ക്ക് തുക വകയിരുത്തിയത് ശരിയായ നടപടിയല്ല. വനിതകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനാണ് വനിതാ ഘടക പദ്ധതി ലക്ഷ്യമിടുന്നത്. വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വനിതാ ഘടക പദ്ധതി തുക ഫീസിബിൾ ആയ പ്രോജക്ടുകൾക്ക് വകയിരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-45 ആശ്രയ പദ്ധതി നടത്തിപ്പിൽ അലംഭാവം

ആശ്രയ പദ്ധതി അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ് ഉണ്ടായിരുന്നിട്ടും പദ്ധതിയുടെ ഗുണഭോക്താക്കൾക്കാവശ്യമായ പരിചരണ സേവന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല. ആശ്രയ പദ്ധതിയുടെ 2018-19-ലെ സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| *മുന്നിരിപ്പ്* | *2073887* | ഭക്ഷ്യധാന്യ വിതരണം | 241459 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 200000 | മെഡിക്കൽ ക്യാമ്പ് | 20504 |
| പഞ്ചായത്ത് ഫണ്ട് | 50000 | | |
| ചലഞ്ച് ഫണ്ട് | 500000 | | |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 1046600 | | |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് (എസ്.സി.പി.) | 1900000 | | |
| അക്കൗണ്ട് പലിശ | 95583 | **നീക്കിയിരിപ്പ്** | **5604107** |
| **ആകെ** | **5866070** | **ആകെ** | **5866070** |

ഓഡിറ്റ് വർഷം 3 തവണകളായി ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുന്നതിന് 241459 രൂപയും മെഡിക്കൽ ക്യാമ്പ് നടത്തുന്നത് 20504 രൂപയും ഉൾപ്പടെ ആകെ 261963 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷാന്ത്യത്തിൽ 5604107 രൂപ ആശ്രയ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്നു. പദ്ധതിയ്ക്ക് 137 ഗുണഭോക്താക്കളുണ്ടായിരുന്നതിൽ ഭൂരിപക്ഷം പേരും വീട്, വീട് മെയിന്റനൻസ്, കുടിവെള്ളം, ചികിത്സ, വസ്ത്രം തുടങ്ങിയ ആനുകൂല്യങ്ങൾ ആവശ്യമുള്ളവരായിരുന്നു. ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക ലഭ്യമായിരിന്നിട്ടും ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല.

അഗതി രഹിത കേരളം പദ്ധതി സർക്കാർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിലെ ഒന്നും, രണ്ടും ഘട്ട ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും, തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിൽ 131 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 1.05 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി പഞ്ചായത്ത് തയ്യാറാക്കി 10.03.2019-ൽ കുടുംബശ്രീ മിഷൻ ഡയറക്ടറുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി 2019 ജൂലായ് തീയതി മുതലാണ് നടപ്പിലാക്കി തുടങ്ങിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി നാളിതുവരെ 434770 രൂപയുടെ ഭക്ഷ്യധാന്യ വിതരണം മാത്രമാണ് നടത്തിയിട്ടുള്ളത്. പദ്ധതി സമയബന്ധിതമായും, വിഭാവനം ചെയ്ത പ്രകാരവും നടപ്പിലാക്കേണ്ടതും, ആയതിലേക്ക് പദ്ധതിയുടെ മോണിട്ടറിംഗ് ഫലപ്രദമാക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും,സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.2019 – 12.06.2019 | നം.കെ.എസ്.എ.പി.റ്റി.എ.പി1/602(37)/19 തീ. 09.07.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 3200000 | സുഫലം | 3200000 | 0 |
| | " | 1530639 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (136/19) | 1530639 | 0 |
| | " | 145600 | ലൈഫ് ഭവന നിർമ്മാണം - എസ്.സി.പി. (137/19) | 0 | 145600 |
| | " | 400000 | അനുപൂരക പോഷകാഹാരം (20/19) | 200000 | 200000 |
| | " | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (33/19) | 196000 | 4000 |
| | " | 600000 | വേങ്ങവിള കുടിവെള്ള പദ്ധതി പൂർത്തീകരണം (165/19) | 600000 | 0 |
| | " | 1000000 | ബനാന പാർക്ക് (247/19) | 835112 | 164888 |
| | " | 1000000 | വെള്ളപ്പാറ കാർഷിക വിപണന കേന്ദ്രം പുതിയ കെട്ടിടം (264/19) | 1000000 | 0 |
| | " | 1300000 | 43-ാം നമ്പർ അങ്കണവാടി നിർമ്മാണം (266/19) | 899143 | 400857 |
| | " | 490000 | പൂങ്കാവ് മാർക്കറ്റ് ഓട നിർമ്മാണം (302/19) | 0 | 490000 |
| | " | 400000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (29/19) | | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | " | 2183280 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (136/19) | 2183280 | 0 |
| | " | 213560 | ലൈഫ് ഭവന നിർമ്മാണം - എസ്.സി.പി. (137/19) | 0 | 213560 |
| | " | 325000 | ലൈഫ് ഭവന നിർമ്മാണം - ടി,എസ്.പി. (297/19) | 325000 | 0 |
| | " | 300000 | അനുപൂരക പോഷകാഹാരം (20/19) | 150000 | 150000 |
| | " | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (33/19) | 150000 | 50000 |
| | " | 431936 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (62/19) | 431936 | 0 |
| | " | 200000 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (149/19) | 77119 | 122881 |
| | " | 500000 | വേങ്ങവിള കുടിവെള്ള പദ്ധതി പൂർത്തീകരണം (165/19) | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | “ | 50000 | 78-ാം നമ്പർ അങ്കണവാടി പൂർത്തീകരണം (289/19) | 50000 | 0 |
| | “ | 300069 | 78-ാം നമ്പർ അങ്കണവാടി നിർമ്മാണം (290/19) | 300069 | 0 |
| | “ | 700000 | തലയറ കോളനി കുടിവെള്ള പദ്ധതി - വാട്ടർ അതോറിട്ടിയിൽ തുക അടവാക്കൽ (329/19) | 640000 | 60000 |
| | “ | 300000 | നെല്ലിക്കുഴി എസ്സ്.സി. കോളനി റോഡ് കോൺക്രീറ്റിംഗ് (194/19) | 0 | 300000 |
| | “ | 215000 | മാരാക്കുഴി - വടക്കേചരുവ് റോഡ് സൈഡ്കെട്ടും നടപ്പാത കോൺക്രീറ്റിംഗും (197/19) | 0 | 215000 |
| | “ | 550000 | ചെമ്പികുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് (208/19) | 0 | 550000 |
| | “ | 1100000 | ബനാന പാർക്ക് (247/19) | 1100000 | 0 |
| | “ | 1010000 | വൃദ്ധജന സേവന കേന്ദ്രം (265/19) | 538154 | 471846 |
| | “ | 1000000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (29/19) | 948883 | 51117 |
| | “ | 50000 | ആശ്രയ പദ്ധതി (112/19) | 50000 | 0 |
| | “ | 2946600 | ആശ്രയ പദ്ധതി - എസ്.സി.പി. (306/19) | 2946600 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (150/19) | 460000 | 0 | 460000 |
| | വേങ്ങവിള കുടിവെള്ള പദ്ധതി പൂർത്തീകരണം (165/19) | 1300000 | 0 | 1300000 |
| | തലയറകോളനി കുടിവെള്ള പദ്ധതിയുടെ ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ (329/19) | 640000 | 0 | 640000 |
| കെ.എസ്.ഇ. ബി. | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (62/19) | 1840737 | 0 | 1840737 |
| | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (149/19) | 77119 | 0 | 77119 |
| പി.ഡബ്ല്യു.ഡി. | സാംസ്കാരിക നിലയം [illegible] | 144646 | 0 | 144646 |

| | | | | |
|---|---|---|---|---|
| | വൈദ്യുതീകരണം (279/19) | | | |
| | ജെറിയാട്രിക് സെന്റർ വൈദ്യുതീകരണം (280/19) | 54965 | 0 | 54965 |
| | ബനാന പാർക്ക് വൈദ്യുതീകരണം (286/19) | 186200 | 0 | 186200 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5018281 രൂപ വരവുണ്ട്. വായ്പാ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 207/09/ തസ്വഭവ. തീ.07.11.2009 | 17073000 | 50440 | 50440 | 0 | 0 |
| ലൈഫ് പദ്ധതി | | 5018281 | | 0 | 0 | 5018281 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36400 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 & 2016-17 | 2-8 | 1200 | പോപ്പുലർ മെഗാ മോട്ടോഴ്സ് (ലൈസൻസ് ഫീസ്) | 118010101805/05.07.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 5-3-5 | 2015-16 | 10-1 | സംരഭകർക്ക് പ്രദേശിക വിപണനം ലഭ്യമാക്കിയില്ല | നടപടികൾ സ്വീകരിച്ചു വരുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു |
| 2013-14 | 5-3-5 | 2015-16 | 10-2 | വായ്പ തിരിച്ചടയ്ക്കാൻ റവന്യൂ ഭീഷണി നേരിടുന്നു | തുക ഒടുക്കുവരുത്തുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായി അറിയിച്ചു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 131296356 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 99007564 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 329107 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 320767 | ₹128898 – ശ്രീ. എം.സൈമൺ വർഗ്ഗീസ്, സെക്രട്ടറി<br>₹191869 – ശ്രീമതി ജ്യോതി എം., അസി.സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-35 | 8340 | ശ്രീ. എം.സൈമൺ വർഗ്ഗീസ്, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

| | |
|---|---|
| 1-28 | 5690 |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എം. സൈമൺ വർഗ്ഗീസ്, സെക്രട്ടറി | പഴവങ്ങാടി ഗ്രാമപഞ്ചായത്ത്പത്തനംതിട്ട | വള്ളിപറമ്പിൽ, അതിരുങ്കൽ പി.ഒ., മുറിഞ്ഞകൽ, പത്തനംതിട്ട |
| ശ്രീമതി ജ്യോതി എം., അസി.സെക്രട്ടറി-ഇൻ-ചാർജ്ജ് | കുന്നന്താനം, ഗ്രാമപഞ്ചായത്ത് പത്തനംതിട്ട | ഐശ്വര്യം, കുന്നന്താനം പി.ഒ., തിരുവല്ല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2.659/01 തീയതി 11.06.2002 | 2 |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി2.588/98 തീയതി 07.12.1999 | 8 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി2.603/05 തീയതി 04.01.2006 | 1 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2.251/2000 തീയതി 24.11.2001 | 13 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി3/157/2008 തീയതി 27.03.2008 | 1 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2.289/02 തീയതി 16.12.02 | 6 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/158/2008 തീയതി 27/03/2008 | |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി3/159/08 | 1 |

| | | |
|---|---|---|
| (വരവ്) | തീയതി 27.03.08 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2-387/2005 തീയതി 01/10/2005 | 5 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/558/06 തീയതി 05.09.07 | 5 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി9/751/08 തീയതി 05.05.10 | 4 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി9/246/10 തീയതി 08.12.2010 | 11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി10/208/11 തീയതി 30.10.12 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി10/209/11 തീയതി 30.10.12 | |
| 2007-08 to 2010-11 | എൽ.എഫ്.പി.റ്റി.എ-പി9.1112/12 തീയതി 15.03.2014 | 10 |
| 2011-12 to 2012-13 | എൽ.എഫ്.പി.റ്റി.എ-പി9-539/14 തീയതി 06.11.2014 | 6 |
| 2013-14 to 2014-15 | കെ.എസ്.എ.പി.റ്റി.എ-പി9-149/16 തീയതി 10.02.2016 | 10 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/1228/16 തീയതി 02.12.2016 | 18 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/954/2017 തീയതി 29.08.2017 | 12 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/1576/2018 തീയതി 05.01.2019 | 52 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ.പി.റ്റി.എ./പി9/177/2020** **തീയതി : 07.05.2020**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **പ്രമാടം ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 1-11ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## Annexure – I AUDIT CERTIFICATE

**No.KSA.PTA/P9/177/2020 Dated: 07.05.2020**

Certified that I have Audited the Annual Financial Statement of **Pramadom Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made thereunder and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Pramadom Grama Panchayat** for the year **2018-19** except the observations in para 1-11 of my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Pathanamthitta